10
2025
ജൂലൈ
വ്യാഴം
മിഥുനം 26

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.181 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-181 പേജ് 4. വില 2.00 രൂപ

02 ജാനകി മാറ്റി 'വി. ജാനകി' ആക്കണം: സെൻസർ ബോർഡ് കോടതിയിൽ

03 നിമിഷപ്രിയയുടെ വധശിക്ഷ ഒഴിവാക്കാൻ തിരക്കിട്ട ശ്രമം

04 ദേശീയ പണിമുടക്ക് പൂർണം; ബസുകൾ തടഞ്ഞു, വലഞ്ഞ് ജനം

# അറബിക്കടലിൽ അമർന്നു എൽസാ3; കോടികൾക്കായി സർക്കാർ

**യേശുദാസ് വില്യം**



കൊല്ലം: എംഎസ്സ്സി എൽസാ 3 കപ്പൽ മുങ്ങിയതുമായി ബന്ധപ്പെട്ടു ഹൈക്കോടതിയിൽ ഫയൽചെയ്ത പൊതുതാൽപര്യഹർജിയിൽ സർക്കാരും,വിവിധ ഏജൻസികളും നൽകിയ സത്യവാങ്മൂലം അമ്പരപ്പിക്കുന്ന വൈരുദ്ധ്യങ്ങളുടെ സാക്ഷ്യപത്രമാവുന്നു.ഇതിൽ പ്രധാനമായും മലിനീകരണനിയന്ത്രണബോർഡ് നൽകിയ സത്യവാങ്മൂലത്തിൽ ആടിനെ പട്ടിയാക്കുന്ന കണ്ടെത്തലുകളുടെ ഘോഷയാത്രയാണ്.തോട്ടപ്പള്ളി മുതൽ തെക്കോട്ട് വിഴിഞ്ഞം വരെയുള്ള കടൽ വെള്ളം പരിശോധിച്ചതിൽ പിഎച്ച് മൂല്യം കൃത്യമാണന്നും മലിനീകരണം ഇല്ലന്നുമാണ് പ്രഥമികമായ കണ്ടെത്തലെന്നു കോടതിയിൽ ബോധിപ്പിച്ചിരിക്കുന്നു.അതുപോലെ തന്നെ അഴീക്കലിൽ നിന്നും വടക്കോട്ടുള്ള കടൽവെള്ളത്തിൽ നടത്തിയ പരിശോധനയിൽ വെള്ളത്തിന്റെ പി.എച്ച് മൂല്യം കുറവാണന്നും കണ്ടെത്തിയതായി പറഞ്ഞിട്ടുണ്ട്.അഴീക്കലിനു പടിഞ്ഞാറു തീ പിടിച്ച വാൻഹൂയി കപ്പലിൽ നിന്നുള്ളതാവാം മലിനീകരണമെന്നാണ് നിഗമനമെന്നു സ്വാഭാവികമായും കരുതാം.എന്നാൽ വാൻഹുയി കപ്പൽ ഇതിനോടകം തന്നെ ശ്രീലങ്കയുടെ കിഴക്കൻ തീരത്തുള്ള പോർട്ടിൽ എത്തിക്കഴിഞ്ഞതായാണു വിവരം.മുങ്ങാത്ത കപ്പൽ കിടന്ന കടൽ വെള്ളത്തിൽ മലിനീകരണവും,മുങ്ങിയ കപ്പൽ കിടന്ന കടലിൽ മലിനീകരണമില്ലന്നുമുള്ള കണ്ടെത്തൽ കോടതിക്കു മുമ്പിൽ സർക്കാരിനെ മുട്ടുകുത്തിക്കും.

അറബിക്കടലിലെ മലിനീകരണവും,പാരിസ്ഥിതിക പ്രശ്നങ്ങളും ഉന്നയിച്ചുകൊണ്ടാണ് കേരള സർക്കാർ 9531 കോടി രൂപ നഷ്ടപരിഹാരം ആവിശ്യപ്പെട്ടിരിക്കുന്നത്. അതേ സർക്കാർ ഏജൻസി തന്നെയാണ് മലിനീകരണമില്ലന്ന റിപ്പോർട്ടും സമർപ്പിച്ചിരിക്കുന്നത്.അതേസമയം എം എസ് സി ഷിപ്പിംഗ് കമ്പനി എൽസാ 3 എന്ന കപ്പൽ തങ്ങളുടെ ഉടമസ്ഥതയിലുള്ളതല്ലന്നും കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിൽ വെളിപ്പെടുത്തിയിട്ടുണ്ട്.ലൈബീരിയൻ ഉടമസ്ഥരായുള്ള കപ്പലാണെങ്കിലും നഷ്ടപരിഹാരം നേടിയെടുക്കുവാൻ ഉപോൽബലകമായ രേഖകളും തെളിവുകളും നിരത്തുന്നതിൽ സർക്കാരും പിന്നോക്കം പോയിരിക്കുന്നു എന്നുവേണം ഇതിൽനിന്നും മനസ്സിലാക്കേണ്ടത്.നഷ്ടപരിഹാരം നിശ്ചയിക്കുന്നതിലും കപ്പൽ കടലിൽ നിന്നും നീക്കം ചെയ്യുന്നകാര്യത്തിലും സർക്കാരിനെ ഉപദേശിക്കുന്നതു കേരള മാരിടൈം ബോർഡ് ആണ്.

കടലിനെക്കുറിച്ചോ മാരിടൈം മേഖലയെക്കുറിച്ചോ യാതൊരു പിടിപാടുമില്ലാത്ത ബോർഡ് ചെയർമാനും,സിഇഒയുമാണ് പുന:സംഘടിപ്പിച്ച ബോർഡ് നിയന്ത്രിക്കുന്നത്.ഇവരുടെ ഇതുവരെയുള്ള ഉപദേശങ്ങളിൽ കപ്പൽ കമ്പനി പൊടിയും തട്ടി പോകുവാനുള്ള എല്ലാ പഴുതുകളും ഉണ്ട്.

മെഡിറ്ററേനിയൻ ഷിപ്പിംഗ് കമ്പനി (സ്വിറ്റ്സർലണ്ട്), എംഎസ്സ് സി കപ്പൽ കമ്പനി (ഇന്ത്യ),അദാനി പോർട്ട് എന്നിവരെ എതിർകക്ഷികളാക്കി നഷ്ടപരിഹാരത്തിനായി സർക്കാർ നൽകിയ അഡ്മിറാലിറ്റി നിയമപ്രകാരമുള്ള കേസ് കപ്പലുടമ തങ്ങളല്ലെന്ന വാദത്തോടെ സർക്കാരിനെയും വെട്ടിലാക്കുമെന്നാണ് ഈ മേഖലയിലെ നിയമവിദഗ്ധർ പറയുന്നത് അപ്പോൾ സർക്കാർ ആവിശ്യപ്പെടുന്ന 9531 കോടിരൂപ ആരു തരും എന്ന ചോദ്യം ഉയരും.

കപ്പൽ കടലിൽ നിന്നും എടുത്തു മാറ്റാൻ എംഎസ്സ് സി കമ്പനി തയ്യാറാകാതെ മടങ്ങിപോയാൽ സർക്കാരിനു കപ്പൽ നീക്കം ചെയ്യുവാൻ ആവിശ്യമായ 1100 കോടിയോളം വേണ്ടിവരുമെന്നിരിക്കേ അതിനു സമ്മർദ്ദം ചെലുത്താതെ ഒരിക്കലും ലഭിക്കാനിടയില്ലാത്ത 9531 കോടി എന്ന നഷ്ടപരിഹാര തുക ആരുടെ കണ്ടെത്തലാണന്നും ചോദ്യമുയരും. നിർണ്ണായകമായ തുടർവാദത്തിനായി കാത്തിരിക്കാം.



ഒ എ ജൻട്രിൻ (ജനറൽ സെക്രട്ടറി), പീറ്റർ മത്യാസ് (പ്രസിഡന്റ്), മുഹമ്മദ് ഹനീഫ ഹാജി (ട്രഷറർ)

## കേരള ഫിഷിംഗ് ബോട്ട് ഓപ്പറേറ്റേഴ്സ് അസ്സോസിയേഷൻ ഭാരവാഹികളെ തെരഞ്ഞെടുത്തു

കൊച്ചി: എറണാകുളം രാമവർമ്മ ക്ലബ്ബിൽ സംസ്ഥാന പ്രസിഡന്റ് ശ്രീ പീറ്റർ മത്യാസിന്റെ അധ്യക്ഷതയിൽ കൂടിയ ഓൾ കേരള ഫിഷിങ് ബോട്ട് ഓപ്പറേറ്റേഴ്സ് അസോസിയേഷന്റെ പൊതുയോഗത്തിൽ വച്ച് ശ്രീ പീറ്റർ മാത്യസിനെ പ്രസിഡന്റായും ജനറൽ സെക്രട്ടറിയായി O A ജെൻട്രിനെയും ട്രഷററായി മുഹമ്മദ് ഹനീഫ ഹാജിയെയും തെരഞ്ഞെടുത്തു. തുടർന്ന് സംസ്ഥാനത്തിന്റെ തെക്കൻ മേഖല മധ്യമേഖല വടക്കൻ മേഖല എന്നിവിടങ്ങളിൽ നിന്നും 40 പേർ അടങ്ങുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയും തെരഞ്ഞെടുത്തു.

തുടർന്ന് കൂടിയ യോഗം 2018 ൽ ഗങഎഞ അരള (കെ. എം. എഫ്. ആർ ആക്ട്) പരിഷ്കരിച്ചുകൊണ്ട് നടപ്പിലാക്കിയ വർധിച്ച വാർഷിക പെർമിറ്റ് (25000 രൂപ) ഫീസും ഇതടയ്ക്കാൻ താമസിച്ചു പോയാൽ രണ്ടര ലക്ഷം രൂപ വരെ ഫൈൻ വാങ്ങുകയും യാനത്തിലെ മത്സ്യം ലേലം ചെയ്തു സർക്കാരിലേക്ക് കണ്ടുകെട്ടുന്ന നടപടി പിൻവലിക്കണം എന്നും. 12 വർഷം കഴിഞ്ഞ മര ബോട്ടിന്റെയും 15 വർഷം കഴിഞ്ഞ് സ്റ്റീൽ ബോട്ടിന്റെയും ലൈസൻസ് ബോട്ടിന്റെ ഫിറ്റ്നസ് പരിശോധിച്ചു അടിയന്തരമായി പുതുക്കി നൽകണമെന്നും, കരിക്കാടി ചെമ്മീനും, പൂവാലൻ ചെമ്മീനും പിടിക്കുന്ന ചെറിയ തരം ബോട്ടുകളെ 10 നോട്ടിക്കൽ മൈലിനു കിഴക്കുനിന്നുപിടിച്ച് പിഴ ഈടാക്കുന്ന നടപടി അവസാനിപ്പിക്കണമെന്നും. യോഗം ആവിശ്യപ്പെട്ടു. മുങ്ങിയിരിക്കുന്ന ങടഇ ഋഘടഅ 3 എന്ന കപ്പലും കണ്ടെയ്നറുകളും അടിയന്തരമായി എടുത്തു മാറ്റുകയും ഇതുമൂലം നഷ്ട സംഭവിച്ച മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും യാനം ഉടമകൾക്കും നഷ്ടപരിഹാരം വാങ്ങി കൊടുക്കുന്നതിനുള്ള നടപടി സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നും യോഗം ആവശ്യപ്പെട്ടു.

നമ്മുടെ ആഴക്കടൽ മത്സ്യ സമ്പത്ത് പിടിച്ചെടുക്കാൻ വേണ്ടി വലിയ കപ്പലുകളെ കൊണ്ടുവരാനുള്ള ശ്രമത്തിൽ നിന്നും കേന്ദ്രസർക്കാർ പിന്മാറണമെന്നും നിലവിൽ നമ്മുടെ കടലിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വലിയ തരം 25 മീറ്ററിന് മുകളിൽ വലിപ്പമുള്ളയാനങ്ങളെ ഓൺ ബോർഡ് ഫ്രോസൺ സിസ്റ്റത്തിലേക്ക് മാറ്റം വരുത്തി തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യം പിടിച്ച് കേടുകൂടാതെ കൈകാര്യം ചെയ്തു കൊണ്ടുവരാനുള്ള ട്രെയിനിങ് കൊടുക്കുവാൻ കേന്ദ്രസർക്കാർ തയ്യാറാകണമെന്നും അമിതമായ ഡീസൽ വിലവർധനവ് കാരണം പ്രതിസന്ധിയിലായ മേഖലയെ സംരക്ഷിക്കുവാൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഡീസൽ സബ്സിഡി തന്നു മേഖലയെ സഹായിക്കണമെന്നും ഓൾ കേരള ഫിഷിങ് ബോട്ട് അസോസിയേഷൻ ആവശ്യപ്പെട്ടു.

## കീം പരീക്ഷാഫലം റദ്ദാക്കി ഹൈക്കോടതി

കൊച്ചി: കേരള എൻജിനിയറിംഗ്, ഫാർമസി (കീം) പ്രവേശന യോഗ്യതാ പരീക്ഷാ ഫലം റദ്ദാക്കി ഹൈക്കോടതി. റാങ്ക് ലിസ്റ്റ് പുനഃക്രമീകരിക്കണമെന്ന് നിർദേശിച്ചാണ് ഹൈക്കോടതി ഉത്തരവ്. കേരള സിലബസ് വിദ്യാർഥികളുടെ മാർക്ക് ഏകീകരണത്തിൽ മാറ്റം വരുത്തിയ നടപടി കോടതി റദ്ദാക്കി. പരീക്ഷയുടെ പ്രോസ്പെക്ടസ് പുറത്തിറക്കിയ ശേഷം വെയിറ്റേജ് മാറ്റിയത് നിയമപരമല്ലെന്നും ജസ്റ്റീസ് ഡി. കെ. സിംഗ് ചൂണ്ടിക്കാട്ടി. മുൻ സമവാക്യം അനുസരിച്ച് റാങ്ക് ലിസ്റ്റ് തയാറാക്കുമ്പോൾ കേരള സിലബസ് വിദ്യാർഥികൾക്ക് സിബിഎസ്!ഇ വിദ്യാർഥികളേക്കാൾ മാർക്ക് കുറയുന്നതായി പരാതി ഉയർന്ന സാഹചര്യത്തിലാണ് സർക്കാർ പുതിയ സമവാക്യം കൊണ്ടുവന്നത്.

## രേഖകൾ പിടിച്ചെടുത്ത് വിസി ഗവർണർക്കു നൽകി

തിരുവനന്തപുരം: കേരള സർവകലാശാല രജിസ്ട്രാറുടെ സസ്പെൻഷൻ റദ്ദാക്കിയതുമായി ബന്ധപ്പെട്ട സിൻഡിക്കറ്റ് യോഗത്തിന്റെ മിനിറ്റ്സ് അടക്കമുള്ള രേഖകൾ വൈസ് ചാൻസലർ പിടിച്ചെടുത്തു ചാൻസലർ കൂടിയായ ഗവർണർക്കു സമർപ്പിച്ചു.

രജിസ്ട്രാർ കെ. എസ്. അനിൽകുമാറിനെ സസ്പെൻഡ് ചെയ്ത വൈസ് ചാൻസലറുടെ നടപടി സമാന്തര യോഗത്തിൽ റദ്ദാക്കിയതിന്റെ രേഖകളാണ് അഡ്മിനിസ്ട്രേറ്റീവ് സെക്ഷനിൽ നിന്നു പിടിച്ചെടുത്ത് ഗവർണർ ആർ. വി. ആർലേക്കറിനു കൈമാറിയത്. നേരത്തെ ഇതു സംബന്ധിച്ച രേഖകൾ ചോദിച്ചപ്പോൾ നൽകാത്ത സാഹചര്യത്തിലാണു നടപടി.

സിൻഡിക്കറ്റ് അംഗം ഡോ. പി. എം. രാധാമണിയുടെ അധ്യക്ഷതയിൽ ചേർന്ന സമാന്തരയോഗത്തിലാണ് അനിൽകുമാറിന്റെ സസ്പെൻഷൻ റദ്ദാക്കാൻ തീരുമാനിച്ചത്. ഇതോടൊപ്പം അനിൽകുമാറിന് ചുമതലയേൽക്കാൻ ജോയിൻറ് രജിസ്ട്രാർ പി. ഹരികുമാർ ഇറക്കിയ ഉത്തരവും താൻ സിൻഡിക്കറ്റ് യോഗം പിരിച്ചുവിട്ടതിന്റെ യഥാർഥ മിനുറ്റ്സും വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന സിസാതോമസ് ഗവർണർക്ക് കൈമാറി.

രേഖകൾ ലഭിച്ച സാഹചര്യത്തിൽ രജിസ്ട്രാർ കെ. എസ്. അനിൽകുമാറിനെ പുറത്താക്കാൻ ഗവർണർ നടപടി ആരംഭിച്ചതായും സൂചനയുണ്ട്. ഇടത് സിൻഡിക്കറ്റ് അംഗങ്ങൾ നടത്തിയത് നിയമസാധുതയില്ലാത്ത യോഗമാണെന്ന് വിലയിരുത്തിയാകും സമാന്തരയോഗവും അതിലെ തീരുമാനങ്ങളും ഗവർണർ റദ്ദാക്കുക.

## കടൽക്ഷോഭം: റിപ്പോർട്ടിൽ അതൃപ്തി പ്രകടിപ്പിച്ച് ന്യൂനപക്ഷ കമ്മിഷൻ



തിരുവനന്തപുരം: തലസ്ഥാനത്തെ തീരമേഖലയിൽ കടൽക്ഷോഭം രൂക്ഷമായതിനെ തുടർന്ന് സർക്കാർ വകുപ്പുകളുടെ നടപടികളിലെ അപര്യാപ്തതയിൽ സ്വമേധയാ എടുത്ത കേസിൽ ജില്ലാ കളക്ടർ, തിരുവനന്തപുരം തഹസിൽദാർ, ഫിഷറീസ് ഡയറക്ടർ, സിറ്റി പോലീസ് കമ്മീഷണർ എന്നിവർ സമർപ്പിച്ച റിപ്പോർട്ടുകളിൽ അതൃപ്തി രേഖപ്പെടുത്തി സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ അഡ്വ. എ. എ. റഷീദ്.

കടൽക്ഷോഭത്തിൽ തീരദേശവാസികൾക്കുണ്ടായ നാശനഷ്ടങ്ങളെക്കുറിച്ചും പുനരധിവാസ പ്രവർത്തനങ്ങളെക്കുറിച്ചും ശക്തമായ കടൽക്ഷോഭം നേരിട്ട സമയത്ത് അധികൃതർ നടപടി സ്വീകരിച്ചില്ലെന്ന പ്രദേശവാസികളുടെ പരാതിയെ സംബന്ധിച്ചും റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടില്ലാത്തതിനാലാണ് കമ്മീഷൻ ആസ്ഥാനത്ത് നടന്ന പ്രത്യേക സിറ്റിംഗിൽ കമ്മീഷൻ അതൃപ്തി രേഖപ്പെടുത്തിയത്. പൂന്തുറ മുതൽ വലിയതുറ വരെയുള്ള തീരസംരക്ഷണത്തിനായി ജിയോട്യൂബ് ഉപയോഗിച്ച് ഓഫ് ഷോർ ബ്രേക്ക് വാട്ടർ നിർമിക്കുന്നതിന് 150 കോടി രൂപയുടെ പദ്ധതി കിഫ്ബി വഴി നടപ്പിലാക്കുന്നതിനായി സർക്കാർ അംഗീകാരം ലഭിച്ചതായും പദ്ധതി ഉടൻതന്നെ ആരംഭിക്കുന്നതാണെന്നും ഫിഷറീസ് ഡയറക്ടർ കമ്മീഷനെ അറിയിച്ചു.

കടലാക്രമണത്തെ തുടർന്ന് തീരദേശവാസികളുടെയും മത്സ്യത്തൊഴിലാളികളുടെയും സുരക്ഷയ്ക്കും തീരസംരക്ഷണത്തിനും വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അനുകൂല കാലാവസ്ഥ ലഭ്യമാകാത്തതിനാൽ പ്രവൃത്തികൾ തടസപ്പെട്ടിരിക്കുകയാണെന്നും അനുകൂല കാലാവസ്ഥയിൽ പ്രവൃത്തികൾ പുനരാരംഭിക്കുന്നതാണെന്നും അധികൃതർ കമ്മീഷനെ രേഖാമൂലം അറിയിച്ചു.

പ്രദേശവാസികളുടെ സുരക്ഷയ്ക്കും തീരസംരക്ഷണത്തിനും സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടുത്ത സിറ്റിംഗിൽ സമർപ്പിക്കുവാൻ കമ്മീഷൻ ബന്ധപ്പെട്ടവർക്ക് നിർദേശം നൽകി.



# വീട്ടുമുറ്റത്തും കാട്ടാന: പാത്തിപ്പാറയിലും ഏനാന്തിയിലും വൻതോതിൽ കൃഷി നശിപ്പിച്ചു

നിലമ്പൂർ: നിലമ്പൂർ നഗരസഭാ പരിധിയിലും കാട്ടാനകളുടെ പരാക്രമം. നഗരസഭയുടെ പാത്തിപ്പാറ, ഏനാന്തി മേഖലകളിൽ ജനങ്ങൾ തിങ്ങി പാർക്കുന്ന സ്ഥലങ്ങളിലാണ് ഇന്നലെ പുലർച്ചെ കാട്ടാനയെത്തിയത്.

ഏനാന്തിയിൽ മൂച്ചിക്കൽ ചെറിയാപ്പു, പാത്തിപ്പാറയിൽ കുഞ്ഞുമോൻ, തൊണ്ടിയിൽ ജോയി, രാജു എന്നിവരുടെ കൃഷിയിടങ്ങളിലെ വാഴ, കമുക്, തെങ്ങ്, കൃഷികൾ വ്യാപകമായി നശിപ്പിച്ച ശേഷമാണ് കാട്ടാന പാത്തിപ്പാറയിലേക്ക് എത്തിയത്.

ഇവിടെ വാഴയിൽ ജോയി, വാഴയിൽ ലിജു എന്നിവരുടെ വീട്ടുമുറ്റത്തേക്കാണ് ആദ്യം കാട്ടാന എത്തിയത്. പുറത്ത് ശബ്ദം കേട്ട് വാതിൽ തുറന്നു നോക്കുന്പോഴാണ് വീട്ടുമുറ്റത്ത് കാട്ടാനയെ കണ്ടതെന്ന് ഇവർ പറയുന്നു.

നിരവധി കുടുംബങ്ങൾ താമസിക്കുന്ന പാത്തിപ്പാറയിലേക്കും ഏനാന്തിയിലേക്കും കരിന്പുഴ മുറിച്ചു കടന്നാണ് കാട്ടാനകൾ എത്തുന്നത്. റോബിൻ കാക്കുഴിയുടെ കൃഷിയിടത്തിലെ സംരക്ഷണവേലിയും കൃഷിയും നശിപ്പിച്ചു. രാജു കീച്ചേരിയുടെ വാഴ കൃഷിയും വ്യാപകമായി നശിപ്പിച്ചിട്ടുണ്ട്. കൃഷി നശിപ്പിക്കുന്നതിനൊപ്പം വീട്ടുമുറ്റങ്ങളിലേക്കും എത്തുന്ന കാട്ടാനകൾ ഈ ഭാഗത്തെ ജനങ്ങളുടെ സ്വൈര്യജീവിതം തകർക്കുകയാണ്.

നിലമ്പൂർ നഗരസഭയിൽ ഏറ്റവും കൂടുതൽ കർഷക കുടുംബങ്ങൾ താമസിക്കുന്ന പ്രദേശങ്ങളാണ് പാത്തിപ്പാറയും ഏനാന്തിയും. ജലസേചന സൗകര്യത്തിനായി നിർമിച്ച കനാലുകൾ, പൈപ്പുകൾ എല്ലാം നശിപ്പിക്കുകയാണ് കാട്ടാനകൾ. ജനങ്ങൾ വിവരം അറിയിക്കുന്പോൾ വനപാലകർ വന്ന് പോകുന്നതല്ലാതെ ഒരു പരിഹാരമാർഗവുമില്ലെന്ന് പ്രദേശവാസികൾ പറയുന്നു.

രാവിലെ ടാപ്പിംഗിന് പോകുന്ന തൊഴിലാളികളുടെ മുന്നിലേക്ക് കാട്ടാനകൾ എത്തുന്നതും ആശങ്ക സൃഷ്ടിക്കുന്നു. നിലമ്പൂർ നഗരത്തിലേക്ക് ഉൾപ്പെടെ കാട്ടാനകൾ എത്തിയതോടെ വന്യമൃഗഭീഷണി ശക്തമായിരിക്കുകയാണ്. ജനപ്രതിനിധികൾ ഇക്കാര്യത്തിൽ പ്രസ്താവന നടത്തുകയും പരസ്പരം പഴിചാരുകയുമല്ലാതെ വനം വകുപ്പിനെ കൊണ്ട് നടപടി എടുപ്പിക്കുന്നില്ല. തെരഞ്ഞെടുപ്പ് കാലത്ത് വന്യമൃഗ ശല്യം ചർച്ചയാക്കുകയല്ലാതെ പിന്നീട് കാര്യമായ ഇടപ്പെടൽ നടത്താത്തതാണ് ജനങ്ങൾക്ക് തിരിച്ചടിയായിരിക്കുന്നത്.

കാട്ടാനകൾ കൃഷി നശിപ്പിക്കുന്നതിന് ഞങ്ങൾ എന്ത് ചെയ്യാനാ എന്ന ചോദ്യമാണ് വനപാലകർ തിരിച്ച് ചോദിക്കുന്നത്. ജില്ലയിലെ വനംവകുപ്പിന്റെ പ്രധാന കാര്യാലയങ്ങൾ സ്ഥിതി ചെയ്യുന്നത് നിലമ്പൂർ നഗരസഭയുടെ ഹൃദയ ഭാഗത്താണ്. ദിവസവും വന്യജീവി ഭീഷണി നേരിടുകയാണ് നിലമ്പൂർ മേഖല.

## ജാനകി മാറ്റി 'വി. ജാനകി' ആക്കണം: രണ്ടു മാറ്റങ്ങൾ വരുത്തിയാൽ അനുമതി നല്കാമെന്ന് സെൻസർ ബോർഡ് കോടതിയിൽ

കൊച്ചി: ജാനകി വേഴ്സസ് സ്റ്റേറ്റ് ഓഫ് കേരള സിനിമയിൽ ജാനകിയെന്ന പേര് മാറ്റണ്ടെന്ന് സെൻസർ ബോർഡ്. സിനിമയിൽ രണ്ടു മാറ്റങ്ങൾ വരുത്താമെങ്കിൽ അനുമതി നൽകാമെന്നും സെൻസർ ബോർഡ് ഹൈക്കോടതിയിൽ അറിയിച്ചു. ചിത്രത്തിന്റെ പ്രദർശനാനുമതി നിഷേധിച്ചതുമായി ബന്ധപ്പെട്ട നിർമാതാക്കളുടെ ഹർജിയാണ് ഹൈക്കോടതി പരിഗണിച്ചത്. 96 കട്ട് ആണ് ആദ്യം നിർദ്ദേശിച്ചതെന്നും എന്നാൽ അത്രയും മാറ്റങ്ങൾ വരുത്തേണ്ടതില്ലെന്നും സെൻസർ ബോർഡ് നിലപാടെടുത്തു. ഒരു സീൻ കട്ട് ചെയ്താൽ മതിയെന്നാണ് സെൻസർ ബോർഡിനു വേണ്ടി ഹാജരായ അഭിനവ് ചന്ദ്രചൂഡ് കോടതിയിൽ അറിയിച്ചത്. സിനിമയുടെ പേരിനൊപ്പമുള്ള 'ജാനകി'ക്കു പകരം കഥാപാത്രത്തിന്റെ മുഴുവൻ പേരായ ജാനകി വിദ്യാധരന്റെ ഇനീഷ്യൽ കൂടി ചേർത്ത് സിനിമയുടെ പേര് 'വി. ജാനകി' എന്നോ 'ജാനകി വി. ' എന്നോ ആക്കുകയാണ് ഒരു മാറ്റം.

ചിത്രത്തിലെ കോടതി രംഗങ്ങളിൽ കഥാപാത്രത്തിന്റെ പേര് ജാനകി എന്ന് പറയുന്നത് മ്യൂട്ട് ചെയ്യുക എന്നതാണ് രണ്ടാമത്തെ മാറ്റം. വിഷയം സമവായത്തിലൂടെ പരിഹരിക്കാമെന്നും സെൻസർ ബോർഡ് ഹൈക്കോടതിയെ അറിയിച്ചു. ഉച്ചകഴിഞ്ഞ് കേസ് വീണ്ടും പരിഗണിക്കുമ്പോൾ അഭിപ്രായം അറിയിക്കാൻ ജസ്റ്റിസ് എൻ. നഗരേഷ് സിനിമയുടെ നിർമാതാക്കളോട് നിർദേശിച്ചു. ഹർജി ഹൈക്കോടതി ഉച്ചയ്ക്ക് 1.45ന് വീണ്ടും പരിഗണിക്കും.

## ടെക്സസ് പ്രളയത്തിൽ മരണം 109 ആയി; 160 ലേറെ പേരെ കാണാനില്ല, തിരച്ചിൽ ദുഷ്കരം

ഓസ്റ്റിൻ: യുഎസിലെ ടെക്സസിൽ വെള്ളിയാഴ്ചയുണ്ടായ മിന്നൽപ്രളയത്തിൽ മരിച്ചവരുടെ എണ്ണം 109 ആയി. 160 ലധികം പേരെ ഇപ്പോഴും കാണാനില്ലെന്ന് ഗവർണർ ഗ്രെഗ് ആബട്ട് അറിയിച്ചു. ഇവർക്കു വേണ്ടിയുള്ള തിരച്ചിൽ തുടരുകയാണ്. കനത്ത മഴയും ചെളിയും രക്ഷാപ്രവർത്തനത്തിന് വെല്ലുവിളി!യാകുന്നുണ്ട്. ക്യാംപ് മിസ്റ്റിക് എന്ന വേനൽക്കാല ക്യാന്പിൽ പങ്കെടുത്ത 27 പെൺകുട്ടികളും ജീവനക്കാരും മരിച്ചവരിൽ ഉൾപ്പെടുന്നു. പത്തു പെൺകുട്ടികളെയും ക്യാന്പ് കൗൺസിലറെയും കാണാതായിട്ടുണ്ട്.

അതേസമയം പ്രസിഡന്റ് ഡോണൾഡ് ട്രംപ് വെള്ളിയാഴ്ച ടെക്സസ് സന്ദർശിക്കും. നാഷണൽ വെതർ സർവീസിനായി ബജറ്റിൽ തുക വെട്ടിച്ചുരുക്കിയത് രക്ഷാപ്രവർത്തനത്തെ ബാധിച്ചുവെന്ന തരത്തിലുള്ള വാർത്തകൾ വൈറ്റ് ഹൗസ് തള്ളിക്കളഞ്ഞിട്ടുണ്ട്. കനത്ത മഴയിൽ ഗ്വാദലൂപ്പെ നദി കരകവിഞ്ഞൊഴുകിയ കെർ കൗണ്ടിയിൽ മരിച്ചവരിൽ 56 മുതിർന്നവരും 28 കുട്ടികളും ഉൾപ്പെട്ടിട്ടുണ്ട്. ഇവരിൽ 32 പേരെ ഇനിയും തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല. ക്യാംപിന്റെ സഹ ഉടമയും ഡയറക്ടറുമായ റിച്ചാർഡ് ഈസ്റ്റ്ലാൻഡ് (70) കുട്ടികളെ രക്ഷിക്കാൻ ശ്രമിക്കുന്നതിനിടെയാണ് മരണപ്പെട്ടതെന്നു ഓസ്റ്റിൻ അമേരിക്കൻ സ്റ്റേറ്റ്സ്മാൻ പത്രം റിപ്പോർട്ട് ചെയ്തു. പ്രദേശത്ത് കൂടുതൽ മഴയും മിന്നൽപ്രളയവുമുണ്ടാകാൻ സാധ്യതയുള്ളതായി നാഷണൽ വെതർ സർവീസ് അറിയിച്ചിട്ടുണ്ട്.

## ബേപ്പൂർ കൊലപാതകം: രണ്ടു പോലീസുകാർക്ക് സസ്പെൻഷൻ

കോഴിക്കോട്: കൊലപാതകം നടന്ന വിവരം ഇതര സംസ്ഥാന തൊഴിലാളി അറിയിച്ചിട്ടും സ്ഥലത്തെത്താതിരുന്ന രണ്ടു പോലിസുകാർക്ക് സസ്പൻഷൻ. ബേപ്പൂർ സ്റ്റേഷനിലെ എഎസ്ഐ പി. ആനന്ദൻ, സിപിഒ ജിതിൻലാൽ എന്നിവരെയാണു സിറ്റി പോലീസ് കമ്മീഷണർ ടി. നാരായണൻ സസ്പൻഡ് ചെയ്തത്. മേയ് 24 നാണ് ബേപ്പൂരിൽ വലനിർമാണത്തിൽ ഏർപ്പെട്ട ഇരവിപുരം സ്വദേശി സോളമനെ (58) ബേപ്പൂർ ഹാർബറിനു സമീപത്തുള്ള ലോഡ്ജിൽ കൊലപ്പെടുത്തിയത്. ലോഡ്ജിനു സമീപത്തുള്ള മരം കടപുഴകി വീണതിനെത്തുടർന്ന് 50 മീറ്റർ അകലെ പോലീസ് ഉണ്ടായിരുന്നു.

പോലീസിനെ കണ്ടപ്പോൾ ഇതരസംസ്ഥാന തൊഴിലാളി ലോഡ്ജിന്റെ ചവിട്ടുപടിയിൽ രക്തമുണ്ടെന്നും മുറിയിൽനിന്നു ബഹളം കേട്ടെന്നും അറിയിച്ചിരുന്നു. എന്നാൽ ഇയാളെ പോലീസുകാരൻ ചീത്തവിളിച്ച് ഓടിച്ചു. തൊഴിലാളി ബേപ്പൂർ സ്റ്റേഷനിലെത്തി പാറാവുകാരനായ പോലീസുകാരനോടും പറഞ്ഞവെങ്കിലും പാറാവുകാരനും ഗൗരവത്തിലെടുത്തില്ല. ഇതിനുപിന്നാലെ നാട്ടുകാർ വിവരം അറിയിച്ചതോടെയാണു കൊലപാതകം പുറത്തറിയുന്നത്.

മദ്യലഹരിക്കിടെയുണ്ടായ തർക്കത്തിനിടെ കൊല്ലം വാടിക്കൽ മുദാക്കര ജോസ് (35) ആണ് സോളമനെ കൊലപ്പെടുത്തിയത്. മദ്യപിക്കുന്നതിനിടെ തർക്കമുണ്ടാവുകയും അതു കൊലപാതകത്തിൽ കലാശിക്കുകയുമായിരുന്നു.

## മന്ത്രി ശിവൻകുട്ടി ഡിജിപിക്ക് പരാതി നൽകി

തിരുവനന്തപുരം: സാമൂഹിക മാധ്യമങ്ങൾ വഴി നടക്കുന്ന വ്യാജപ്രചാരണവുമായി ബന്ധപ്പെട്ട് മന്ത്രി വി. ശിവൻകുട്ടിയുടെ ഓഫീസ് സംസ്ഥാന പോലീസ് മേധാവിക്കു പരാതി നൽകി.

വിദ്യാർഥികൾ വെള്ളിയാഴ്ചകളിൽ മതപരമായ ചടങ്ങുകൾക്കായി സ്കൂളിനു പുറത്തു പോകുന്നതു കർശനമായി നിരോധിക്കുമെന്ന പേരിൽ മന്ത്രി വി. ശിവൻകുട്ടിയുടെ ഫോട്ടോ അടക്കം ചേർത്തു നടക്കുന്ന പ്രചാരണത്തിനെതിരേയാണ് പരാതി നൽകിയത്.

## നല്ല ചികിത്സ ഇവിടെ കിട്ടുമായിരുന്നെങ്കിൽ മുഖ്യമന്ത്രി എന്തിന് അമേരിക്കയിൽ പോയി: സണ്ണി ജോസഫ്

തൃശൂർ: കേരളത്തിൽ നല്ല ചികിത്സാസൗകര്യം ഉണ്ടായിരുന്നെങ്കിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഇവിടെ ചികിത്സ തേടുമായിരുന്നല്ലോയെന്നു കെപിസിസി പ്രസിഡൻറ് സണ്ണി ജോസഫ്.

ടൗൺഹാളിൽ കോൺഗ്രസ് സമരസംഗമപരിപാടിയിൽ പങ്കെടുക്കാനെത്തിയ അദ്ദേഹം മാധ്യമങ്ങളുടെ ചോദ്യത്തിനു മറുപടി പറയുകയായിരുന്നു.

കൊട്ടിഘോഷിക്കുന്ന സേവനങ്ങൾ സർക്കാർ ആശുപത്രികളിൽ ലഭിക്കുന്നില്ലെന്നതിനു തെളിവാണ്, സർക്കാർ ആശുപത്രിയിൽ നിന്നു സ്വകാര്യ ആശുപത്രിയിൽ പോയില്ലായിരുന്നെങ്കിൽ താൻ മരിക്കുമായിരുന്നുവെന്ന മന്ത്രി സജി ചെറിയാന്റെ പ്രസ്താവന.

ആരോഗ്യമേഖലയിൽ പ്രതിസന്ധിയുണ്ടെന്ന് ഒരു മന്ത്രിക്കുതന്നെ സമ്മതിക്കേണ്ടിവന്നു. സർക്കാർ ആശുപത്രികളിലെ പ്രതിസന്ധികൾ ഓരോന്നായി തെളിവുകൾസഹിതം പുറത്തുവരികയാണ്.

ഡോ. ഹാരിസ് തിരുവനന്തപുരം ഗവ. മെഡിക്കൽ കോളജിന്റെ ദയനീയാവസ്ഥ വെളിപ്പെടുത്തിയപ്പോൾ സർക്കാർ തിരുത്തൽ വരുത്തുമെന്നു പ്രഖ്യാപിച്ചെങ്കിലും മുഖ്യമന്ത്രിയുടെ നിലപാട് മറിച്ചായിരുന്നു. മുഖ്യമന്ത്രി ആ ഡോക്ടറെ ശാസിക്കാനും ഭീഷണിപ്പെടുത്താനുമാണു ശ്രമിച്ചത്. അതിനുശേഷമാണു കോട്ടയത്തു ദുരന്തമുണ്ടായത്.

അവിടെയും മന്ത്രിമാർ സ്വീകരിച്ച നിലപാട് നമ്മൾ കണ്ടു. ബിന്ദു എന്ന വീട്ടമ്മ രണ്ടരമണിക്കൂറാണു മണ്ണിനടിയിൽ കിടന്നത്.

ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്താണ് ആരോഗ്യരംഗത്തെ സുശക്തമാക്കാനുള്ള പരിശ്രമം നടന്നതെന്നും സണ്ണി ജോസഫ് പറഞ്ഞു.

## ലോറൻസ് ബിഷ്ണോയി സംഘാംഗം പിടിയിൽ

ചണ്ഡിഗഡ്: പഞ്ചാബിൽ കൊടും കുറ്റവാളി ലോറൻസ് ബിഷ്ണോയിയുടെ സംഘത്തിലെ അംഗം പിടിയിൽ. ഹിമാംശു സൂദ് ആണ് പിടിയിലായത്. ദുബായ് കേന്ദ്രമായി പ്രവർത്തിക്കുന്ന കുറ്റവാളി നമിത് ശർമയുടെ നിർദേശപ്രകാരമാണ് സൂദിന്റെ പ്രവർത്തനം.ലോറൻസ് ബിഷ്ണോയിയുടെ ഉറ്റ കൂട്ടാളിയാണ് നമിത്. സൂദിന്റെ പക്കൽനിന്ന് മൂന്നു പിസ്റ്റളുകൾ പോലീസ് പിടിച്ചെടുത്തു.

## വിസി നിയമനം; തിങ്കളാഴ്ച വിധി പറയും

കൊച്ചി: താത്കാലിക വൈസ് ചാൻസലർമാരായി ഡോ. സിസ തോമസിന്റെയും (ഡിജിറ്റൽ സർവകലാശാല) ഡോ. കെ. ശിവപ്രസാദിന്റെയും (സാങ്കേതിക സർവകലാശാല) നിയമനം നിയമപരമല്ലെന്ന സിംഗിൾ ബെഞ്ച് ഉത്തരവിനെതിരേ ചാൻസലറായ ഗവർണർ നൽകിയ അപ്പീലിൽ വിധി പറയുന്നത് ഡിവിഷൻ ബെഞ്ച് തിങ്കളാഴ്ചത്തേക്കു മാറ്റി.

നിയമനത്തിൽ തത്സ്ഥിതി തുടരണമെന്ന ഇടക്കാല ഉത്തരവ് അതുവരെ നീട്ടി. വിസിമാർ ഈ സമയം നയപരമായ തീരുമാനങ്ങൾ സ്വീകരിക്കരുതെന്ന നിർദേശവും തുടരും. ജസ്റ്റീസ് അനിൽ കെ. നരേന്ദ്രൻ അധ്യക്ഷനായ ബെഞ്ചാണു കേസിൽ വിധിപറയുക.

# ധർമസ്ഥല വെളിപ്പെടുത്തലിൽ കേസ്: തെളിവുകൾ ശേഖരിക്കാൻ കോടതിയുടെ അനുമതി തേടി

മംഗളുരു: ധർമസ്ഥലയിൽ ലൈംഗികാതിക്രമങ്ങൾക്കിരയായി കൊല ചെയ്യപ്പെട്ട സ്കൂൾ വിദ്യാർഥിനികളുടെയും സ്ത്രീകളുടെയും മൃതദേഹങ്ങൾ മറവു ചെയ്യാൻ നിർബന്ധിതനായിട്ടുണ്ടെന്ന മുൻ ശുചീകരണത്തൊഴിലാളിയുടെ വെളിപ്പെടുത്തലിൽ ഭാരതീയ ന്യായ സംഹിത 211 എ വകുപ്പ് പ്രകാരം കേസ് രജിസ്റ്റർ ചെയ്തു. തെളിവുകൾ ശേഖരിക്കുന്നതിനും അന്വേഷണവുമായി മുന്നോട്ടുപോകുന്നതിനും കോടതിയുടെ അനുമതി തേടി.

ശുചീകരണ ത്തൊഴിലാളിയുടെ പരാതിക്കൊപ്പം സമർപ്പിച്ചിരുന്ന മൃതദേഹഭാഗങ്ങളുടെ ഫോട്ടോയും കോടതിയിൽ ഹാജരാക്കി. നേത്രാവതി നദിക്കരയിലെ വനമേഖലയിൽ മൃതദേഹങ്ങൾ സംസ്കരിച്ചതായി പറയുന്ന ഇടങ്ങളിൽ കോടതിയുടെ അനുമതിയോടെ കുഴിച്ച് പരിശോധന നടത്താനാണു തീരുമാനം. വെളിപ്പെടുത്തലുകൾ നടത്തിയ ആളിനും കുടുംബത്തിനും സാക്ഷികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള 2018 ലെ നിയമവ്യവസ്ഥ പ്രകാരം സംരക്ഷണം നല്കുന്നതിനുള്ള നടപടിക്രമങ്ങളും തുടങ്ങിയിട്ടുണ്ട്.

ജില്ലാ ജഡ്ജിയും പോലീസ് മേധാവിയും ചീഫ് പ്രോസിക്യൂട്ടറുമടങ്ങുന്ന കമ്മിറ്റിയുടെ മാർഗനിർദേശങ്ങൾക്കനുസരിച്ച് ഇയാളുടെ സുരക്ഷ ഉറപ്പുവരുത്തും. ബംഗളൂരുവിലെ അഭിഭാഷകരായ ഓജസ്വി ഗൗഡയും സച്ചിൻ ദേശ്പാണ്ഡെയുമാണു മുൻ ശുചീകരണ തൊഴിലാളിയുടെ പരാതി പോലീസിനു മുമ്പാകെ എത്തിച്ചത്. 1998 നും 2014 നും ഇടയിലുള്ള കാലത്താണ് പരാതിക്കാരൻ തന്റെ സൂപ്പർവൈസറുടെ നിർദേശപ്രകാരം മൃതദേഹാവശിഷ്ടങ്ങൾ സംസ്കരിക്കാൻ നിർബന്ധിതനായതെന്നും 2014 മുതൽ ധർമസ്ഥലയും കർണാടകയും വിട്ട് മറ്റൊരു സംസ്ഥാനത്ത് കുടുംബത്തോടൊപ്പം കഴിയുകയായിരുന്നുവെന്നും അവർ പറഞ്ഞു.കുറ്റബോധവും കൊല്ലപ്പെട്ട ആളുകൾക്ക് നീതി ലഭ്യമാക്കണമെന്ന അതിയായ ആഗ്രഹവും മൂലമാണ് ഇപ്പോൾ ഈ കാര്യങ്ങൾ തുറന്നുപറയാൻ തീരുമാനിച്ചതെന്നും അവർ പറഞ്ഞു. ഈ വെളിപ്പെടുത്തലുകൾ തെറ്റാണെന്നു തെളിഞ്ഞാൽ എന്തു ശിക്ഷയും അനുഭവിക്കാൻ തയാറാണെന്നും ഇതുമായി ബന്ധപ്പെട്ട് നുണ പരിശോധനയ്ക്കുൾപ്പെടെ വിധേയനാകാൻ സന്നദ്ധമാണെന്നും പരാതിക്കാരൻ അറിയിച്ചതായും അവർ വ്യക്തമാക്കി.

സ്കൂൾ യൂണിഫോം ധരിച്ച പെൺകുട്ടികളുടെ മൃതദേഹങ്ങൾ പോലും സംസ്കരിക്കാൻ താൻ നിർബന്ധിതനായിരുന്നതായി പരാതിക്കാരന്റെ വെളിപ്പെടുത്തലിൽ പറയുന്നു. 12 വയസിനും 15 വയസിനും ഇടയിൽ പ്രായമുള്ള ഒരു കുട്ടിയെ സ്കൂൾ ബാഗിനൊപ്പമാണ് മറവുചെയ്തത്. മുഖത്ത് ആസിഡൊഴിച്ച് വികൃതമാക്കപ്പെട്ടിരുന്ന ഒരു യുവതിയുടെ മൃതദേഹം കത്തിച്ചുക!ളയാൻ താൻ നിർബന്ധിതനായിരുന്നതായും പരാതിയിൽ പറയുന്നു.

കൊലപാതകങ്ങളുമായി ബന്ധപ്പെട്ട് ആരുടെയും പേരുകൾ പരാതിയിൽ ചൂണ്ടിക്കാണിച്ചിട്ടില്ല. തനിക്കും കുടുംബത്തിനും സുരക്ഷ ഉറപ്പുനല്കിയാൽ ബന്ധപ്പെട്ടവരുടെ പേരുകളുൾപ്പെടെ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്താൻ തയാറാണെന്നും പരാതിയിൽ പറയുന്നു. ഹൈക്കോടതി ജഡ്ജിക്കെതിരേ പരാതി

ധർമസ്ഥല ക്ഷേത്ര ഭരണസമിതിക്കും ധർമാധികാരി ഡോ. ഡി. വീരേന്ദ്ര ഹെഗ്ഡെയ്ക്കും എതിരേ ആരോപണങ്ങളുന്നയിക്കുന്നത് തടഞ്ഞുകൊണ്ടുള്ള കർണാടക ഹൈക്കോടതി ജഡ്ജി ജസ്റ്റീസ് ആർ. ദേവദാസിന്റെ വിധിക്കെതിരേ കർണാടക രാഷ്ട്രസമിതി എന്ന സംഘടന രാഷ്ട്രപതിക്കു പരാതി നല്കി.

ഹൈക്കോടതി വിധി ഭരണഘടന ഉറപ്പുനല്കുന്ന അഭിപ്രായസ്വാതന്ത്ര്യത്തിന്റെ നിഷേധമാണെന്നും നിയമസംവിധാനത്തിന്റെ ദുരുപയോഗമാണെന്നും പരാതിയിൽ ചൂണ്ടിക്കാട്ടി.

ഇതുമായി ബന്ധപ്പെട്ട് ആയിരത്തിലധികം വാർത്തകളും വീഡിയോകളും ഇൻറർനെറ്റിൽ നിന്നു നീക്കം ചെയ്യാനും കോടതി ഉത്തരവിട്ടിരുന്നു. അധികാര ദുർവിനിയോഗം നടത്തിയതിന് ജഡ്ജിക്കെതിരേ ഇംപീച്ച്മെൻറ് നടപടികൾ സ്വീകരിക്കണമെന്നാണ് പരാതിയിലെ ആവശ്യം. ഇതിനിടെ, ധർമസ്ഥലയിലെ വെളിപ്പെടുത്തലുകളുമായി ബന്ധപ്പെട്ട് പോലീസിന് അപകീർത്തികരമായ വാർത്ത പ്രസിദ്ധീകരിച്ചതിന് ഓൺലൈൻ മാധ്യമപ്രവർത്തകനായ സുദർശൻ ബയാലുവിനെതിരേ ധർമസ്ഥല പോലീസ് കേസെടുത്തിട്ടുണ്ട്.

## ഇടപ്പഴഞ്ഞിയിലെ ഹോട്ടലുടമയുടെ കൊലപാതകം: പ്രതികൾ പിടിയിൽ

തിരുവനന്തപുരം: ഇടപ്പഴഞ്ഞിയിൽ ഹോട്ടലുടമയെ കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തിയ സംഭവത്തിലെ പ്രതികൾ പിടിയിൽ. അടിമലത്തുറയിൽ വച്ചാണ് പ്രതികളെ പിടികൂടിയത്. പ്രതികളെ പിടികൂടാൻ പോയ പോലീസുകാരെ പ്രതികൾ ആക്രമിക്കുകയും ആക്രമണത്തിൽ നാല് പോലീസുകാർക്ക് പരിക്കേൽക്കുകയും ചെയ്തു. വഴുതക്കാട് കേരള കഫേ ഉടമ ജസ്റ്റിൻ രാജ് ആണ് കൊല്ലപ്പെട്ടത്. ഇടപ്പഴഞ്ഞിയിലെ വീട്ടിലാണ് മരിച്ച നിലയിൽ കണ്ടെത്തിയത്. സംഭവത്തിന് ശേഷം രണ്ട് ഹോട്ടൽ തൊഴിലാളികൾ ഒളിവിൽ പോയിരുന്നു. ഇവരെയാണ് പിടികൂടിയത്.

## ബിഹാറിലെ വോട്ടർപട്ടിക വിവാദം; ഹർജികൾ വ്യാഴാഴ്ച പരിഗണിക്കും

ന്യൂഡൽഹി: നിയമസഭാ തെരഞ്ഞെടുപ്പിനുമുന്പ് ബിഹാറിലെ വോട്ടർപട്ടികയിൽ തീവ്രപരിശോധന നടത്താനുള്ള കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ തീരുമാനത്തിനെതിരേ സമർപ്പിച്ച ഹർജികളിൽ സുപ്രീം കോടതി വ്യാഴാഴ്ച വാദം കേൾക്കും. അടിയന്തരവാദം ആവശ്യപ്പെട്ട് മുതിർന്ന അഭിഭാഷകൻ കപിൽ സിബലാണ് ജസ്റ്റീസുമാരായ സുധാൻഷു ധൂലിയ, ജോയ്മല്യ ബാഗ്ചി എന്നിവരടങ്ങുന്ന അവധിക്കാല ബെഞ്ച് മുന്പാകെ വിഷയം ഉന്നയിച്ചത്. അടിയന്തരവാദം സമ്മതിച്ചെങ്കിലും കമ്മീഷന്റെ നിലവിലെ നടപടിക്രമങ്ങളിൽ കോടതി ഇടപെടുകയോ പരാമർശങ്ങൾ നടത്തുകയോ ചെയ്തില്ല. മുതിർന്ന അഭിഭാഷകരായ അഭിഷേക് മനു സിംഗ്വി, ഗോപാൽ ശങ്കരനാരായണൻ, ഷാദൻ ഫറാസത്ത് തുടങ്ങിയവരും സിബലിനൊപ്പം സമാന വിഷയം കോടതിയിൽ ഉന്നയിച്ചു. ബിഹാറിലെ വോട്ടർപട്ടികയിൽ തീവ്രപരിശോധന നടത്താനുള്ള തെരഞ്ഞെടുപ്പു കമ്മീഷന്റെ നടപടിക്കെതിരേ സന്നദ്ധ സംഘടനയായ അസോസിയേഷൻ ഫോർ ഡെമോക്രാറ്റിക് റിഫോംസാണ് (എഡിആർ) സുപ്രീംകോടതിയെ ആദ്യം സമീപിച്ചത്. പിന്നീട് പാർലമെൻറ് അംഗങ്ങളായ മഹുവ മൊയ്ത്ര, മനോജ് കുമാർ ഝാ, സാമൂഹിക പ്രവർത്തകൻ യോഗേന്ദ്ര യാദവ് തുടങ്ങിയവരും സമാന ഹർജിയുമായി സുപ്രീംകോടതിയിലെത്തി.

കമ്മീഷന്റെ തീരുമാനം ഭരണഘടനയുടെ ആർട്ടിക്കിൾ 14,19(1)(എ), 21,325,328 എന്നിവ ലംഘിക്കുന്നതായും 1950 ലെ ജനപ്രാതിനിധ്യ നിയമത്തിലെയും 1960 ലെ വോട്ടർമാരുടെ രജിസ്ട്രേഷൻ നിയമങ്ങളിലെയും വ്യവസ്ഥകൾക്ക് എതിരാണെന്നുമാണ് ഹർജികളിലെ പ്രധാന വാദം. ഇതോടൊപ്പം യോഗ്യത തെളിയിക്കുകയെന്ന ഉത്തരവാദിത്വം സർക്കാരിൽനിന്ന് പൗരന്റെ കടമയായി മാറുമെന്നും ഹർജിക്കാർ പറയുന്നു. കൂടാതെ ആധാർ, റേഷൻ കാർഡ് തുടങ്ങി സാധാരണക്കാർ കൂടുതലും ഉപയോഗിക്കുന്ന രേഖകൾ ഒഴിവാക്കിയത് ആശങ്ക ജനിപ്പിക്കുന്നതാണെന്നും ഹർജിയിൽ ചൂണ്ടിക്കാട്ടുന്നു. കൃത്യമായ കാരണങ്ങൾ വ്യക്തമാക്കാതെയാണു തെരഞ്ഞെടുപ്പു കമ്മീഷൻ പ്രത്യേക പുനഃപരിശോധനയ്ക്ക് ഉത്തരവിട്ടതെന്നും ഹർജിയിൽ ആരോപിച്ചു.

തെരഞ്ഞെടുപ്പു കമ്മീഷന്റെ നടപടിയെ ചോദ്യം ചെയ്തു പ്രതിപക്ഷ പാർട്ടികളും സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ട്. കെ. സി. വേണുഗോപാൽ (കോൺഗ്രസ്), സുപ്രിയ സുലെ (എൻസിപി ശരദ് പവാർ), ഡി. രാജ (ഡിഎംകെ), ഹരീന്ദർ മാലിക് (സമാജ്വാദി പാർട്ടി), അരവിന്ദ് സാവന്ത് (ശിവസേന ഉദ്ധവ് ), സർഫ്രാസ് അഹമ്മദ് (ജാർഖണ്ഡ് മുക്തി മോർച്ച), ദീപങ്കർ ഭട്ടാചാര്യ (കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ മാർക്സിസ്റ്റ്ലെനിനിസ്റ്റ്) തുടങ്ങിയവരാണ് പ്രതിപക്ഷ പാർട്ടികൾക്കുവേണ്ടി കോടതിയെ സമീപിച്ചത്.

## അബ്ദുൽ റഹീമിന് ആശ്വാസം; 20 വർഷം തടവ് ശരിവെച്ച് അപ്പീൽ കോടതി

റിയാദ്: സൗദി ജയിലിൽ കഴിയുന്ന കോഴിക്കോട് സ്വദേശി അബ്ദുൽ റഹീമിന് ആശ്വാസം. കീഴ്ക്കോടതി വിധിച്ച 20 വർഷം തടവുശിക്ഷ ശരിവച്ച് അപ്പീൽ കോടതി. അതേസമയം, ജയിലിൽ 19 വർഷം പിന്നിട്ട പ്രതിക്ക് മോചനം അനുവദിക്കണമെന്ന് പ്രതിഭാഗം ആവശ്യപ്പെട്ടെങ്കിലും കോടതി പരിഗണിച്ചില്ല. എന്നാൽ ആവശ്യമെങ്കിൽ പ്രതിഭാഗത്തിന് മേൽക്കോടതിയെ സമീപിക്കാമെന്നും കോടതി പറഞ്ഞു.

കഴിഞ്ഞ മേയ് 26നാണ് 20 വർഷത്തെ തടവിന് വിധിച്ചുള്ള റിയാദ് ക്രിമിനൽ കോടതിയുടെ വിധിയുണ്ടായത്. ഇതിനു പിന്നാലെ ശിക്ഷ കൂട്ടണമെന്ന് ആവശ്യപ്പെട്ട് പബ്ലിക് പ്രോസിക്യൂഷൻ അപ്പീലുമായി മേൽക്കോടതിയെ സമീപിക്കുകയായിരുന്നു.

സൗദി ബാലൻ കൊല്ലപ്പെട്ട സംഭവത്തിൽ റഹീമിന് 20 വർഷം തടവുശിക്ഷ മേയ് 26ന് കോടതി വിധിച്ചിരുന്നു. ഇതിൽ 19 വർഷത്തെ ജയിൽവാസം പൂർത്തിയായി. ഇനി ഒരു വർഷം മാത്രമാണ് തടവുള്ളത്. അതിനിടയിലാണ് അപ്രതീക്ഷിത അപ്പീലുമായി പ്രോസിക്യൂഷൻ രംഗത്തുവന്നത്.

## വ്യോമസേനാ വിമാനം തകർന്നുവീണു; രണ്ടുപേർ മരിച്ചതായി റിപ്പോർട്ട്

ജയ്പുർ: രാജസ്ഥാനിലെ ചുരുവിൽ വ്യോമസേനാ യുദ്ധവിമാനം തകർന്നുവീണു. പൈലറ്റ് ഉൾപ്പെടെ രണ്ടുപേർ മരിച്ചെന്നാണ് റിപ്പോർട്ട്. ഭാനുഡ ഗ്രാമത്തിന് സമീപം ഉച്ചയ്ക്ക് ഒന്നോടെയാണ് സംഭവം. സൂറത്ത്ഗഡ് വ്യോമതാവളത്തിൽ നിന്ന് പറന്നുപൊങ്ങിയ ജാഗ്വാർ യുദ്ധവിമാനമാണ് തകർന്നുവീണത്. വിമാനം പൂർണമായും കത്തിനശിച്ചു. പരിശീലനപ്പറക്കലിനിടെയാണ് അപകടമെന്നാണ് സൂചന. രണ്ടുപേരാണ് വിമാനത്തിലുണ്ടായിരുന്നത്. അപകടം നടന്ന സ്ഥലത്തുനിന്ന് ശരീരഭാഗങ്ങൾ കണ്ടെത്തിയിട്ടുണ്ട്. മൃതദേഹങ്ങൾ തിരിച്ചറിയാനുള്ള ശ്രമങ്ങൾ പുരോഗമിക്കുകയാണ്.

## ഹൃദയാഘാത മരണങ്ങൾക്ക് കോവിഡുമായി ബന്ധമില്ല

ബംഗളൂരു: യുവാക്കൾക്കിടയിൽ വർധിച്ചുവരുന്ന ഹൃദയാഘാത മരണങ്ങൾക്ക് കോവിഡുമായോ വാക്സിനുമായോ ബന്ധമില്ലെന്ന് ഇക്കാര്യം അന്വേഷിക്കാൻ കർണാടക ആരോഗ്യവകുപ്പ് നിയോഗിച്ച വിദഗ്ധ സമിതി റിപ്പോർട്ട് നല്കി. ഉയർന്ന രക്തസമ്മർദം, പ്രമേഹം, പുകവലി എന്നിവയാണു പെട്ടെന്നുള്ള ഹൃദയാഘാത മരണങ്ങളിലേക്ക് നയിച്ച മുഖ്യ കാരണങ്ങളെന്നാണു സമിതിയുടെ വിലയിരുത്തൽ.

## തെരഞ്ഞെടുപ്പിനുമുമ്പ് കൂടുതൽ കക്ഷികളെത്തും: അടൂർ പ്രകാശ്

തൃശൂർ: അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിനുമുന്പ് കൂടുതൽ രാഷ്ട്രീയകക്ഷികൾ യുഡിഎഫിലെത്തുമെന്ന് യുഡിഎഫ് ചെയർമാൻ അടൂർ പ്രകാശ് പറഞ്ഞു. ടൗൺഹാളിൽ കോൺഗ്രസ് സമരസംഗമ പരിപാടിയിൽ പങ്കെടുക്കാനെത്തിയപ്പോൾ മാധ്യമപ്രവർത്തകരോടു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഏതൊക്കെ പാർട്ടികളാണു വരികയെന്ന് ഇപ്പോൾ പറയാനാകില്ല. അതു പറഞ്ഞാൽപിന്നെ അതിനെക്കുറിച്ചാകും ചർച്ച. ചില പാർട്ടികൾ യുഡിഎഫിലേക്കു വരും. കേരള കോൺഗ്രസ് എം യുഡിഎഫ് ഘടകകക്ഷിയാകുമോയെന്ന ചോദ്യത്തിന്, ആർക്കെതിരേയും വാതിൽ അടച്ചിട്ടില്ലെന്നായിരുന്നു മറുപടി. ഞങ്ങളാരും തടസം നിൽക്കാറില്ല, എന്താണു തടസമെന്നു ഞങ്ങൾക്കു പറയാനാകില്ല. കാത്തിരുന്നുകാണാമെന്നും അടൂർ പ്രകാശ് പറഞ്ഞു.

## രണ്ടാം ടെസ്റ്റിലും ഗംഭീര ജയം; സിംബാബ്‌വെയ്ക്കെതിരായ ടെസ്റ്റ് പരമ്പര തൂത്തുവാരി ദക്ഷിണാഫ്രിക്ക

ബുലവായോ: ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് കീരിടം നേടിയതിന് ശേഷമുള്ള ആദ്യ ടെസ്റ്റ് പരന്പര തൂത്തുവാരി ദക്ഷിണാഫ്രിക്ക. സിംബാംബ്‌വെയ്ക്കെതിരായ ടെസ്റ്റ് പരന്പരയാണ് ദക്ഷിണാഫ്രിക്ക തൂത്തുവാരിയത്. ആദ്യ ടെസ്റ്റിൽ 328 റൺസിന് വിജയിച്ച ദക്ഷിണാഫ്രിക്ക രണ്ടാം ടെസ്റ്റിൽ ഇന്നിംഗ്സിനും 236 റൺസിനുമാണ് ജയിച്ചത്. ഒന്നാം ഇന്നിംഗ്സിൽ 506 റൺസ് ലീഡ് വഴങ്ങിയ സിംബാംബ്!വേ രണ്ടാം ഇന്നിംഗ്സിൽ 220 റൺസിന് പുറത്തായി. തിങ്കളാഴ്ച 511 എന്ന സ്കോറിലായിരുന്നു സിംബാബ്‌വെ ക്രീസ് വിട്ടത്. ഇന്ന് ആദ്യ സെഷനിൽ 92 റൺസ് അടിച്ചെടുത്തെങ്കിലും തുടർച്ചയായി വിക്കറ്റുകൾ നഷ്ടമായത് തിരിച്ചടിയായി. 55 റൺസെടുത്ത നിക്ക് വെൽഷാണ് ടോപ് സ്കോറർ. ക്യാപ്റ്റൻ ക്രെയ്ഗ് ഇർവിൻ 49 റൺസെടുത്തു. കോർബിൻ ബോഷ് നാലും സെനുരാൻ മുത്തുസ്വാമി മൂന്നും കോഡി യൂസുഫ് രണ്ടും വിക്കറ്റ് വീഴ്ത്തി. പുറത്താവാതെ 367 റൺസെടുത്ത ദക്ഷിണാഫ്രിക്കൻ ക്യാപ്റ്റൻ വിയാൻ മുൾഡറാണ് മാൻ ഓഫ് ദി മാച്ചും മാൻ ഓഫ് ദി സീരീസും. ദക്ഷിണാഫ്രിക്കസിംബാബ്‌വെ പരമ്പര ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പിന്റെ ഭാഗമല്ലാത്തതിനാൽ ടെസ്റ്റ് പരമ്പര തൂത്തുവാരിയിട്ടും നിലവിലെ ചാമ്പ്യൻമാരായ ദക്ഷിണാഫ്രിക്കക്ക് ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പിൽ ഇതുവരെ പോയൻറൊന്നും നേടാനായിട്ടില്ല. നവംബറിൽ ഇന്ത്യക്കെതിരെയാണ് ദക്ഷിണാഫ്രിക്കയുടെ അടുത്ത ടെസ്റ്റ് പരമ്പര. മൂന്ന് ടെസ്റ്റുകളാണ് ഇന്ത്യയിൽ നടക്കുന്ന പരമ്പരയിലുള്ളത്.

## ബിഹാറിൽ കൊലക്കേസ് പ്രതി പോലീസുമായുണ്ടായ ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടു

പാറ്റ്ന: ബിഹാറിൽ പ്രമുഖ വ്യവസായിയായ ഗോപാൽ ഖേംകെയെ കൊലപ്പെടുത്തിയ കേസിലെ പ്രതി പോലീസുമായുണ്ടായ ഏറ്റുമുട്ടലിൽ വേടിയേറ്റ് മരിച്ചു.

കൊലപാതകിയ്ക്ക് ആയുധം നൽകി സഹായിച്ച പ്രതിയെ പിടികൂടാനുള്ള പോലീസിന്റെ ശ്രമത്തിനിടെ ഉണ്ടായ ഏറ്റുമുട്ടലിനിടെയാണ് പ്രതി രാജയ്ക്ക് വെടിയേറ്റത്. ഇന്ന് രാവിലെയാണ് പോലീസുമായുള്ള ഏറ്റുമുട്ടലിൽ പ്രതി വെടിയേറ്റ് മരിച്ച വിവരം ഉദ്യോഗസ്ഥർ പുറത്ത് വിട്ടത്.

പാറ്റ്ന നഗരത്തിലെ മാൽ സലാമി പ്രദേശത്ത് വച്ചാണ് പോലീസ് സംഘം പ്രതിയെ അറസ്റ്റ് ചെയ്യാൻ ശ്രമിച്ചത്. കേസിലെ മുഖ്യ പ്രതിയായ ഇയാൾക്ക് കൊലപാതകം നടത്തിയ ഉമേഷുമായി അടുത്ത ബന്ധമുണ്ടെന്നും പോലീസ് അറിയിച്ചു. ഏറ്റുമുട്ടലിന് ഇടയിൽ പോലീസ് സംഘത്തിന് നേരെ രാജ വെടിയുതിർത്തു. തുടർന്ന് പോലീസ് നടത്തിയ വെടിവെപ്പിലാണ് പ്രതി കൊല്ലപ്പെട്ടത്. ഏറ്റുമുട്ടൽ നടന്ന സ്ഥലത്ത് നിന്ന് പിസ്റ്റൾ, വെടിയുണ്ടകൾ, ഉപയോഗിച്ച ഷെല്ലുകൾ എന്നിവ പോലീസ് കണ്ടെടുത്തു. രാജയുടെ മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി അയച്ചിട്ടുണ്ട്. ഖേംകയുടെ കൊലപാതകവുമായി ബന്ധപ്പെട്ട് 12 ലധികം പ്രതികളെ പാറ്റ്ന പോലീസ് അറസ്റ്റ് ചെയ്തിരുന്നു.

ജൂലൈ നാലിനാണ് ബിസിനസുകാരനായ ഖേംകയുടെ നീക്കങ്ങൾ നിരീക്ഷിച്ച വളരെ ശ്രദ്ധാപൂർവ്വം ആസൂത്രണം ചെയ്ത് പ്രതികൾ കൊലപാതകം നടപ്പിലാക്കിയതെന്ന് പോലീസ് വ്യക്തമാക്കി.

## കോന്നി ക്വാറി അപകടം: അപകടകരമായ സാഹചര്യം മറച്ചുവച്ചതായി ആക്ഷേപം

കോന്നി: അത്യന്തം അപകടകരമായ സാഹചര്യത്തിലാണ് പയ്യനാമൺ ചെങ്കുളത്ത് ക്വാറിയിൽ ഇന്നലെ രണ്ട് ഇതര സംസ്ഥാന തൊഴിലാളികളെ ഉപയോഗിച്ച് ജോലിയെടുപ്പിച്ചതെന്നു പ്രാഥമിക നിഗമനം.

അപകടത്തെ തുടർന്ന് സ്ഥലം സന്ദർശിച്ച റവന്യൂ, ജിയോളജി, പോലീസ്, ഫയർഫോഴ്സ് ഉദ്യോഗസ്ഥർ ഇതു വിലയിരുത്തി. ജില്ലാ കളക്ടർ എസ്. പ്രേംകൃഷ്ണൻ സ്ഥലം സന്ദർശിച്ച് രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുകയും പ്രാഥമിക അന്വേഷണം നടത്തുകയും ചെയ്തു. കോന്നി താഴം വില്ലേജിലാണ് അപകടമുണ്ടായ ക്വാറി വർഷങ്ങളായി പ്രവർത്തിക്കുന്നത്. സംഭവത്തിൽ അന്വേഷണം നടത്താൻ സംസ്ഥാന തൊഴിൽ വകുപ്പും ഉത്തരവായി. പൊട്ടിച്ചു മാറ്റിയ പാറമടയുടെ ഇടുക്കുകളിൽ ഹിറ്റാച്ചി ഉപയോഗിച്ചാണ് ഇവർ ജോലിയെടുത്തിരുന്നത്.

യാതൊരുവിധ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചിരുന്നില്ല. അപകടത്തേത്തുടർന്ന് പാറമടയിലെ മറ്റു ജീവനക്കാർ രക്ഷാപ്രവർത്തനം നടത്താൻ ശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല. ഉടമയുമായി ബന്ധപ്പെട്ടവർ സ്ഥലത്തെത്തിയശേഷമാണു ഫയർഫ്സിൽ വിവരം അറിയിച്ചത്. വെടിമരുന്ന് ഉപയോഗിച്ചുള്ള സ്ഫോടനം അതീവ അപകടകരമായതിനാൽ, കർശന സുരക്ഷാ മാനദണ്ഡങ്ങളും സർക്കാർ നിയമങ്ങളും പാലിക്കണമെന്ന നിർദേശമുള്ളതാണ്. സ്ഫോടനങ്ങൾ നടത്താൻ ലൈസൻസുള്ള വിദഗ്ധരെ മാത്രമേ ഇതിന് അനുവദിക്കാവൂവെന്നും ജിയോളജി വകുപ്പ് പറയുന്നു. ചെങ്കളം പാറമടയിൽ സ്ഫോടനങ്ങൾ കാരണം ശബ്ദം, പൊടി, ഭൂകമ്പ പ്രകമ്പനങ്ങൾ എന്നിവ പതിവാണെന്നു പരിസരവാസികൾ പറയുന്നു.

സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ കുറഞ്ഞ ചെലവിൽ കൂടുതൽ അളവിൽ പാറ പൊട്ടിച്ചുമാറ്റുകയെന്നതാണു രീതി. കോന്നിയിലെ പല സ്വകാര്യ പാറമടകളുടെയും പ്രവർത്തനം ഈ രീതിയിലാണ്. അനുമതി നൽകുന്ന ബന്ധപ്പെട്ട വകുപ്പുകൾ പിന്നീട് ഇവിടേയ്ക്കു തിരിഞ്ഞു നോക്കാറില്ല.

മൈനിംഗ് ആൻഡ് ജിയോളജി വകുപ്പാണ് പ്രധാനമായി ഇവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതും അനുമതികൾ നൽകുന്നതുമെങ്കിലും കൃത്യമായി ഇടപെടൽ ഇവർ നടത്താറില്ലെന്നും പറയുന്നു.

## നിമിഷപ്രിയയുടെ വധശിക്ഷ ഒഴിവാക്കാൻ തിരക്കിട്ട ശ്രമം

ന്യൂഡൽഹി: യെമൻ സ്വദേശിയെ കൊന്ന കേസിൽ ജയിലിൽ കഴിയുന്ന നിമിഷപ്രിയയുടെ വധശിക്ഷ നടപ്പാക്കുന്നത് തടയാൻ ഇടപെടൽ ശക്തമാക്കാൻ കേന്ദ്ര സർക്കാർ.

ഉന്നതതല ഇടപെടലിലൂടെ പാലക്കാട് സ്വദേശിനിയുടെ ശിക്ഷ നടപ്പാക്കുന്നത് തടയാനുള്ള ശ്രമങ്ങളാണ് പുരോഗമിക്കുന്നത്. ദയാധനം കൈമാറുന്നത് ഉൾപ്പെടെയുള്ള നടപടികൾ സങ്കീർണമാണെന്നതാണ് രക്ഷാദൗത്യത്തിന് പ്രതിസന്ധിയാകുന്നത്.

വിഷയം സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണ്. പ്രാദേശിക അധികാരികളുമായും യെമൻ പൗരന്റെ കുടുംബാംഗങ്ങളുമായും ബന്ധപ്പെടുകയും സാധ്യമായ എല്ലാ സഹായങ്ങളും നൽകുകയും ചെയ്തിട്ടുണ്ടെന്ന് അധികൃതർ പ്രതികരിച്ചു.

എന്നാൽ വധശിക്ഷ നടപ്പാക്കുന്നതിനെ കുറിച്ച് കുടുംബത്തിനും ഇന്ത്യൻ അധികൃതർക്കും ഇതുവരെ ഔദ്യോഗിക അറിയിപ്പ് ലഭിച്ചിട്ടില്ലെന്നും റിപ്പോർട്ടുകൾ പറയുന്നു. വധശിക്ഷ സംബന്ധിച്ച് ഇതുവരെ ഞങ്ങൾക്ക് ഔദ്യോഗികമായി ഒരു അറിയിപ്പും ലഭിച്ചിട്ടില്ല.

ചില മാധ്യമ റിപ്പോർട്ടുകൾ മാത്രമാണ് മുന്നിലുള്ളത്. എന്ന് നിമിഷയുടെ ഭർത്താവ് ടോമി തോമസ് അറിയിച്ചു. യമൻ പൗരന്റെ കുടുംബം ദയാധനം സ്വീകരിക്കും എന്നാണ് ഇപ്പോഴും കരുതുന്നത്, ഉന്നത ഇടപെടലുകളിൽ പ്രതീക്ഷയുണ്ടെന്നും അദ്ദേഹം പറയുന്നു. നിമിഷപ്രിയയുടെ വധ ശിക്ഷ ജൂലൈ പതിനാറിന് നടപ്പാക്കാനാണ് ഉത്തരവെന്നാണ് റിപ്പോർട്ട്. യെമനിലെ പബ്ലിക് പ്രോസിക്യൂട്ടറാണ് ഉത്തരവിട്ടത്. ഉത്തരവ് ജയിൽ അധികൃതർക്ക് കൈമാറിയതായും യെമനിലെ മനുഷ്യാവകാശ പ്രവർത്തകൻ സാമുവൽ ജെറോം പറഞ്ഞു. ഉത്തരവ് നടപ്പാക്കുന്നത് തടയാൻ തലാലിന്റെ കുടുംബത്തെ വ്യാഴാഴ്ച കാണുമെന്നും വധശിക്ഷ ഒഴിവാക്കാൻ ഏക പോംവഴി കുടുംബത്തിന്റെ മാപ്പാണെന്നും സാമുവൽ ജെറോം പറഞ്ഞു.

## മൂന്നാം ഏകദിനത്തിൽ തകർപ്പൻ ജയം; ബംഗ്ലാദേശിനെതിരായ ഏകദിന പരമ്പര സ്വന്തമാക്കി ശ്രീലങ്ക

പല്ലെക്കല്ലെ: ബംഗ്ലാദേശിനെതിരായ ഏകദിന പരന്പര സ്വന്തമാക്കി ശ്രീലങ്ക. മൂന്ന് മത്സരങ്ങളുടെ പരമ്പര 21 നാണ് ശ്രീലങ്ക സ്വന്തമാക്കിയത്.

നിർണായകമായ മൂന്നാം മത്സരത്തിൽ 99 റൺസിന് വിജയിച്ചാണ് ലങ്ക പരമ്പര വിജയം നേടിയത്. പരമ്പരയിലെ ആദ്യ മത്സരത്തിൽ ശ്രീലങ്ക ജയിച്ചപ്പോൾ രണ്ടാം മത്സരം ബംഗ്ലാദേശ് ജയിച്ചിരുന്നു.

മൂന്നാം ഏകദിനത്തിൽ ആദ്യം ബാറ്റ് ചെയ്ത ശ്രീലങ്ക കുശാൽ മെൻഡിസിന്റെ സെഞ്ചുറി കരുത്തിൽ 50 ഓവറിൽ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 287 റൺസടിച്ചപ്പോൾ ബംഗ്ലാദേശ് 39.4 ഓവറിൽ 186 റൺസിന് ഓൾ ഔട്ടായി.287 റൺസ് വിജയലക്ഷ്യത്തിലേക്ക് ബാറ്റ് വീശിയ ബംഗ്ലാദേശിന് തുടക്കത്തിലെ തിരിച്ചടിയേറ്റു. സ്കോര് ബോർഡിൽ 19 റൺസെത്തിയപ്പോഴേക്കും ഓപ്പണർ തൻസിദ് ഹസൻ തമീമിനെ(13 പന്തിൽ 17) അസിത ഫെർണാണ്ടോ പുറത്താക്കി.

തൊട്ടുപിന്നാലെ നജ്മുൾ ഹുസൈൻ ഷാൻറോ റണ്ണെടുക്കാതെ മടങ്ങി. മൂന്നാം വിക്കറ്റിൽ പർവേസ് ഹൊസൈനും തൗഹിദ് ഹൃദോയിയും ചേർന്ന് ബംഗ്ലാദേശിനെ 50 കടത്തി പ്രതീക്ഷ നൽകി.

എന്നാൽ സ്കോർ 62ൽ നിൽക്കെ പർവേസ് ഹൊസൈന(28) മടക്കിയ ദുനിത് വല്ലാലെഗെ കൂട്ടുകെട്ട് പൊളിച്ചു. ക്യാപ്റ്റൻ മെഹ്ദി ഹസൻ മിറാസും(28) ഹൃദോയിയും ചേർന്ന് ബംഗ്ലാദേശിനെ 13.3 ഓവറിൽ 105 റൺസിലെത്തിച്ചെങ്കിലും മെഹ്ദി ഹസനെ മടക്കിയ ദുനിത് വല്ലാലെഗെ വീണ്ടും ബംഗ്ലാദേശിനെ സമ്മർദ്ദത്തിലാക്കി.

പിന്നീടെത്തിയ ഷമീം ഹൊസൈൻ(12), പെട്ടെന്ന് മടങ്ങിയെങ്കിലും ജേക്കർ അലിയും ഹൃദോയിയും ചേർന്ന് ബംഗ്ലദേശിനെ 150 കടത്തി. എന്നാൽ ഹൃദോയിയെ(51) ചമീര പുറത്താക്കിയതിന് പിന്നാലെ 33 റൺസെടുക്കുന്നതിനിടെ ബംഗ്ലാദേശ് ഓൾ ഔട്ടായി. ലങ്കക്ക് വേണ്ടി അസിത ഫെർണാണ്ടോയും ചമീരയും മൂന്ന് വിക്കറ്റ് വീതം വീഴ്ത്തിയപ്പോൾ വല്ലാലെഗെയും ഹസരങ്കയും രണ്ട് വിക്കറ്റ് വീതം നേടി.

## മോദി ഇന്ന് നമീബിയയിൽ, വിവിധ കരാറുകളിൽ ഒപ്പിടും

വിൻഡ്ഹോക്: പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് തെക്കൻ ആഫ്രിക്കൻ രാജ്യമായ നമീബിയ സന്ദർശിക്കും. 27 വർഷങ്ങൾക്കുശേഷമാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി നമീബിയ സന്ദർശിക്കുന്നത്. തലസ്ഥാനമായ വിൻഡ്ഹോകിൽ എത്തുന്ന മോദി പ്രസിഡൻറ് നെറ്റുംബോ നാൻഡിൻഡൈറ്റ്വായുമായി കൂടിക്കാഴ്ച നടത്തും. നമീബിയൻ രാഷ്ട്രപിതാവും സ്ഥാപക പ്രസിഡൻറുമായ സാം നുയോമയുടെ ശവകുടീരത്തിൽ ആദരവ് അർപ്പിക്കും. തുടർന്ന് നമീബിയൻ പാർലമെൻറിന്റെ സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്യുന്ന മോദി നമീബിയയിലുള്ള ഇന്ത്യക്കാരുമായും സംവദിക്കും. നമീബിയയുമായി ഇതിനോടകം 600 മില്യൺ യുഎസ് ഡോളറിന്റെ വ്യാപാരവും 800 മില്യൺ യുഎസ് ഡോളർ വിവിധ തലങ്ങളിൽ നിക്ഷേപവും ഇന്ത്യയ്ക്കുണ്ട്. ഇത് കൂടുതൽ മെച്ചപ്പെടുത്താനും ഇരു രാജ്യങ്ങളുടെയും വളർച്ചയ്ക്ക് സഹായകരമായ പുതിയ പദ്ധതികൾ ആവിഷ്കരിക്കാനും സന്ദർശനം സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഇതോടൊപ്പം മാനവശേഷി വികസനത്തിനും വിദ്യാഭ്യാസത്തിനും കൃഷിക്കുമൊക്കെയുള്ള ഇന്ത്യൻ സഹായം കൂടുതൽ വർധിപ്പിക്കുമെന്നും നമീബിയ പ്രതീക്ഷിക്കുന്നു. ഇതിനോടകം നമീബിയയിൽനിന്നുള്ള വിവിധ തലങ്ങളിലുള്ള 1700ൽപ്പരം പേർ ഇന്ത്യയിൽ പരിശീലനം നേടിയിട്ടുണ്ട്. ഓരോ വർഷവും 25 നമീബിയൻ വിദ്യാർഥികൾ ഇന്ത്യയിൽ സ്കോളർഷിപ്പോടുകൂടി പഠിക്കുന്നുണ്ട്. നൂറുകണക്കിന് വിദ്യാർഥികൾ ഇന്ത്യയിലെ സ്വകാര്യ യൂണിവേഴ്സിറ്റികളിലും പഠിക്കുന്നു. നമീബിയയുടെ പ്രകൃതിസന്പത്തിലും ഇന്ത്യക്കു താത്പര്യമുണ്ട്. യുറേനിയം, കോപ്പർ, കോബൾട്ട്, ലിഥിയം, ഗ്രാഫൈറ്റ്, പെട്രോളിയം പ്രകൃതിവാതകം തുടങ്ങി ധാരാളം ധാതുക്കളും നമീബിയയിൽനിന്ന് ഇന്ത്യ പ്രതീക്ഷിക്കുന്നു. ഇന്ത്യയുടെ ഏകീകൃത പേമെൻറ് ഇൻറർഫേസ് (യുപിഐ) നമീബിയയിൽ അവതരിപ്പിക്കുന്നതിനുള്ള കരാറും മോദിയുടെ സന്ദർശനവേളയിൽ ഉണ്ടാകും.

## വഡോദരയിൽ പാലം തകർന്നുണ്ടായ അപകടം: മരണസംഖ്യ ഒമ്പതായി, അന്വേഷണം പ്രഖ്യാപിച്ച് സർക്കാർ

ഗാന്ധിനഗർ: ഗുജറാത്തിലെ വഡോദരയിൽ പാലം തകർന്നുവീണുണ്ടായ അപകടത്തിൽ മരണസംഖ്യ ഒമ്പതായി. നിരവധി പേർ വിവിധ ആശുപത്രിയിൽ ചികിത്സയിലാണ്.

ണം. സംഭവത്തിൽ ഗുജറാത്ത് മുഖ്യമന്ത്രി അന്വേഷണം പ്രഖ്യാപിച്ചു.

കാണാതായവരെ കണ്ടെത്താൻ മുങ്ങൽവിദഗ്ധർ നദിയിൽ തിരച്ചിൽ തുടരുകയാണ്. മുങ്ങിയ വാഹനങ്ങൾ പുറത്തെടുക്കാൻ ക്രെയിനുകൾ എത്തിച്ചിട്ടുണ്ട്. കൂടുതൽ അപകടങ്ങൾ ഒഴിവാക്കാൻ അധികൃതർ പ്രദേശത്തേക്കുള്ള പ്രവേശനം തടഞ്ഞിട്ടുണ്ട്.

വഡോദരയിലെ പദ്ര താലൂക്കിലെ മുജ്പുരിനടുത്ത് രാവിലെയാണ് അപകടമുണ്ടായത്. മധ്യഗുജറാത്തിനെ സൗരാഷ്ട്രയുമായി ബന്ധിപ്പിക്കുന്ന 30 വർഷത്തിലധികം പഴക്കമുള്ള ഗംഭിറ പാലമാണ് മഹി സാഗർ നദിയിലേക്ക് തകർന്നുവീണത്. പാലത്തിനു പിന്നാലെ രണ്ട് ട്രക്കുകളും ഒരു പിക്അപ്പ് വാനും ഉൾപ്പെടെ നാലു വാഹനങ്ങളും നദിയിലേക്ക് വീണു. വാഹനത്തിൽ ഉണ്ടായിരുന്ന മൂന്നു പേരെ രക്ഷപ്പെടുത്തി. അപകടം നടക്കുമ്പോൾ പാലത്തിൽ കാര്യമായ ട്രാഫിക് ഉണ്ടായിരുന്നുവെന്ന് പ്രാദേശിക മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

ഈ പാലം 'സൂയിസൈഡ് പോയിൻറ്' എന്ന പേരിൽ പ്രസിദ്ധമാണ്. പാലം തകർന്നതോടെ ആനന്ദ്, വഡോദര, ബറൂച്ച്, അൻക്ലേശ്വർ എന്നിവിടങ്ങളുമായുള്ള ബന്ധം മുറിഞ്ഞു.

## ടേക്ക് ഓഫിനിടെ റൺവേയിൽ പ്രവേശിച്ചു, വിമാനത്തിന്റെ എഞ്ചിനിൽ കുടുങ്ങി യുവാവ് മരിച്ചു

മിലാൻ: പുറപ്പെടാൻ തയാറായി നിന്ന വിമാനത്തിന്റെ എഞ്ചിനിൽ കുടുങ്ങി യുവാവ് മരിച്ചു. ബെർഗാമോ വിമാനത്താവളത്തിൽ ചൊവ്വാഴ്ച രാവിലെ 10.30നായിരുന്നു സംഭവം.

സ്പെയിനിലെ ആസ്റ്റുരിയസിലേക്കു പുറപ്പെടാൻ വിമാനം തയാറായി നിൽക്കവെ യുവാവ് റൺവേയിലേക്ക് അവിചാരിതമായി എത്തുകയായിരുന്നു.

35 വയസുകാരനാണ് മരണപ്പെട്ടതെന്ന് ഇറ്റാലിയൻ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. വൊളോത്തിയ കമ്പനിയുടെ എ319ന്റെ എൻജിനിലാണ് യുവാവ് കുടുങ്ങിയത്. തൽക്ഷണം മരിച്ചു.

അപകടത്തെത്തുടർന്ന് രണ്ട് മണിക്കൂറോളം വിമാനഗതാഗതം തടസപ്പെട്ടതായി ബെർഗാമോ വിമാനത്താവള അധികൃതർ അറിയിച്ചു. പത്തൊമ്പതോളം വിമാനങ്ങൾ റദ്ദാക്കുകയും ഒൻപത് വിമാനങ്ങൾ വഴി തിരിച്ചുവിടുകയും ചെയ്തെന്ന് ഫ്ളൈറ്റ് ട്രാക്കർ ഏജൻസിയായ ഫ്ളൈറ്റ്റഡാർ24 റിപ്പോർട്ട് ചെയ്തു.

അതിനിടെ, പോലീസ് പിന്തുടർന്നതിനെ തുടർന്നാണ് യുവാവ് റൺവേയിൽ എത്തിയതെന്നും സുരക്ഷാവാതിലിലൂടെയാണ് റൺവേയിൽ കടന്നതെന്നും ചില പ്രാദേശിക മാധ്യങ്ങൾ റിപ്പോർട്ട് ചെയ്തു.

ഇയാൾ വിമാനയാത്രികനോ എയർപോർട്ട് ജീവനക്കാരനോ അല്ലെന്നും റിപ്പോർട്ടുകളിൽ പറയുന്നു. സംഭവത്തിൽ വൊളോത്തിയ വിമാന കമ്പനി അന്വേഷണം പ്രഖ്യാപിച്ചു.

## ഏഷ്യയിലെ ഏറ്റവും പ്രായംകൂടിയ ആന വത്സല ചരിഞ്ഞു

ഭോപ്പാൽ: ഏഷ്യയിലെ ഏറ്റവും പ്രായം കൂടിയ പെൺ ആനയായ വത്സല ചരിഞ്ഞു. മധ്യപ്രദേശിലെ പന്ന ടൈഗർ റിസർവിൽ (പിടിആർ) വച്ച് ചൊവ്വാഴ്ചയാണ് അന്ത്യം.

ആന്തരിക അവയവങ്ങൾ തകരാറിലായതിനെ തുടർന്ന് നിരീക്ഷണത്തിലായിരുന്നു ആന. പന്നയിലെ ഏറ്റവും പ്രായം കൂടിയതും എല്ലാവർക്കും പ്രിയപ്പെട്ടതുമായ ആന ഡോക്ടർമാരുടെ നിരീക്ഷണത്തിലായിരുന്നു.

വനം ജീവനക്കാരുടെയും വന്യജീവി സ്നേഹികളുടെയും ഇടയിൽ 'ഡാഡി' എന്നും 'ഡായി മാ' എന്നും വിളിപ്പേരുണ്ടായിരുന്ന ആനയ്ക്ക് 100ന് മുകളിൽ പ്രായമുണ്ടായിരുന്നു.

കേരളത്തിലെ നിലമ്പൂരിലാണ് വത്സലയുടെ ജനനം. ആദ്യ കാലങ്ങളിൽ തടി പിടിക്കാനാണ് വത്സലയെ ഉപയോഗിച്ചിരുന്നത്. 1971ൽ മധ്യപ്രദേശിലെ ഹോഷംഗാബാദിലേക്ക് കൊണ്ടുവരികയും പിന്നീട് 1993ൽ പന്ന ടൈഗർ റിസർവിലേക്ക് മാറ്റുകയുമായിരുന്നു.

വിനോദസഞ്ചാരികളുടെ പ്രിയപ്പെട്ട ആനയായിരുന്നു വത്സല.

## തേനീച്ച ആക്രമണം; ഇൻഡിഗോ വിമാനം പുറപ്പെട്ടത് ഒരു മണിക്കൂർ വൈകി

സൂറത്ത്: തേനീച്ച കൂട്ടമായെത്തിയതോടെ വിമാനം വൈകിയത് ഒരു മണിക്കൂർ. സൂറത്ത് ജയ്പൂർ ഇൻഡിഗോ വിമാനമാണ് ഒരു മണിക്കൂർ വൈകിയത്. ലഗേജ് ഡോറിലാണ് തേനീച്ചക്കൂട്ടം എത്തിയത്. പിന്നാലെ അഗ്നിശമന വിഭാഗം വെള്ളം ചീറ്റിച്ചാണ് തേനീച്ചക്കൂട്ടത്തെ പായിച്ചത്. 'സൂറത്ത്ജയ്പൂർ വിമാനം 6E-784 തേനീച്ചയുടെ ആക്രമണത്തെ തുടർന്ന് വൈകി. ഇത് ഞങ്ങളുടെ നിയന്ത്രണത്തിലല്ലാത്ത കാര്യമാണ്. അതിനാൽ ക്ലിയറൻസിന് ശേഷം വിമാനം പുറപ്പെട്ടു. പ്രോട്ടോക്കോളുകൾ പാലിച്ചു'. ഇൻഡിഗോ വക്താവ് എൻഡിടിവിയോട് പറഞ്ഞു.

## സ്വകാര്യ വീഡിയോ പ്രചരിപ്പിക്കുമെന്ന് ഭീഷണി; മുംബൈയിൽ ചാർട്ടേഡ് അക്കൗണ്ടൻറ് ജീവനൊടുക്കി

മുംബൈ: സ്വകാര്യ വിഡിയോ പ്രചരിപ്പിക്കുമെന്ന് ഭീഷണിപ്പെടുത്തി പണം തട്ടിയതിനെ തുടർന്ന് ചാർട്ടേഡ് അക്കൗണ്ടൻറ് ജീവനൊടുക്കി.

മുംബൈ സാന്താക്രൂസ് സ്വദേശി രാജ് ലീല മോറെ (32) ആണ് വിഷം കഴിച്ച് ജീവനൊടുക്കിയത്. സംഭവത്തിൽ വാക്കോല പോലീസ് അന്വേഷണം തുടങ്ങി.

പോലീസ് മൂന്ന് പേജുള്ള ആത്മഹത്യാ കുറിപ്പ് കണ്ടെടുത്തു. രാഹുൽ പർവാനി, സബ ഖുറേഷി എന്നിവരാണ് തന്റെ ആത്മഹത്യക്ക് ഉത്തരവാദികളെന്ന് കുറിപ്പിൽ പറയുന്നു. ഇരുവർക്കുമെതിരെ പോലീസ് കേസ് റജിസ്റ്റർ ചെയ്തു.

രാജിന്റെ ഓഹരി വിപണി നിക്ഷേപങ്ങളെക്കുറിച്ചും ഉയർന്ന ശമ്പളമുള്ള ജോലിയെക്കുറിച്ചും പ്രതികൾക്ക് അറിയാമായിരുന്നു. ഇയാളുടെ സ്വകാര്യ വിഡിയോ പ്രചരിപ്പിക്കുമെന്ന് ഭീഷണിപ്പെടുത്തുകയും കമ്പനിയുടെ അക്കൗണ്ടിൽ നിന്ന് തങ്ങളുടെ വ്യക്തിഗത അക്കൗണ്ടുകളിലേക്ക് പണം കൈമാറാനും തന്റെ സമ്പാദ്യം നൽകാനും ഇരുവരും രാജിനെ നിർബന്ധിച്ചു. രാജിന്റെ കൈയിൽ നിന്ന് ഒരു ആഡംബര കാറും ഇവർ ബലമായി തട്ടിയെടുത്തുവെന്ന് അന്വേഷണത്തിൽ തെളിഞ്ഞു. കഴിഞ്ഞ 18 മാസത്തിനിടെ രാഹുലും സബയും ചേർന്ന് രാജ് ലീലയിൽ നിന്ന് മൂന്ന് കോടിയിലധികം രൂപ തട്ടിയെടുത്തതായി അന്വേഷണ ഉദ്യോഗസ്ഥർ പറഞ്ഞു.

കഴിഞ്ഞ കുറച്ച് മാസങ്ങളായി രാജ് ലീല കടുത്ത മാനസിക സമ്മർദത്തിലായിരുന്നുവെന്ന് അദ്ദേഹത്തിന്റെ കുടുംബം പോലീസിനു മൊഴി നൽകി. രണ്ടു പ്രതികൾക്കുമെതിരെ പണം തട്ടിയെടുക്കൽ, ആത്മഹത്യാ പ്രേരണ എന്നീ കുറ്റങ്ങൾ ചുമത്തി കേസെടുത്തിരിക്കുകയാണ്.

## തടിയൻറവിട നസീറിന് സഹായം: മൂന്ന് പേരെ അറസ്റ്റ് ചെയ്ത് എൻഐഎ

ബംഗളൂരു: ഭീകരവാദ കേസിൽ പരപ്പന അഗ്രഹാര ജയിലിൽ കഴിയുന്ന തടിയൻറവിട നസീറിന് സഹായം നൽകിയ ജയിൽ സൈക്യാട്രിസ്റ്റും പോലീസുകാരനുമടക്കം മൂന്ന് പേരെ അറസ്റ്റ് ചെയ്ത് എൻഐഎ. തടിയൻറവിട നസീറിന് ജയിലിലേക്ക് ഫോൺ ഒളിച്ചു കടത്തി എത്തിച്ചു നൽകിയതിനാണ് ജയിൽ സൈക്യാട്രിസ്റ്റിനെ അറസ്റ്റ് ചെയ്തത്. പരപ്പന അഗ്രഹാര ജയിലിലെ സൈക്യാട്രിസ്റ്റ് ഡോ. നാഗരാജ് ആണ് അറസ്റ്റിലായത്. നസീറിനെ വിവിധ കോടതികളിലേക്ക് എത്തിക്കുന്നതിന്റെ വിവരങ്ങൾ കൈമാറിയതിനാണ് എഎസ്ഐ അറസ്റ്റിലായത്. സിറ്റി ആംഡ് റിസർവിലെ എഎസ്ഐ ചൻ പാഷയെ ആണ് എൻഐഎ അറസ്റ്റ് ചെയ്തത്.

തീവ്രവാദക്കേസ് പ്രതികളിൽ ഒരാളുടെ അമ്മയും അറസ്റ്റിലായിട്ടുണ്ട്. വിവിധ തീവ്രവാദ കേസുകളിൽ പ്രതിയായ ജുനൈദ് അഹമ്മദിന്റെ അമ്മ അനീസ് ഫാത്തിമയാണ് അറസ്റ്റിലായത്. നസീറിന് വിവരങ്ങൾ കൈമാറുകയും പണം ജയിലിൽ എത്തിച്ചു നൽകുകയും ചെയ്തു എന്ന് കണ്ടെത്തിയതിനെ തുടർന്നാണ് അറസ്റ്റ്.

## ജനറാലി സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുമായി സഹകരിക്കുന്നു

തിരുവനന്തപുരം: പ്രമുഖ ഇൻഷുറൻസ് അസറ്റ് മാനേജ്മെന്റ് കമ്പനിയായ ജനറാലി സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുമായി സഹകരിച്ച് പ്രവർത്തിക്കും. ജനറാലിക്ക് 74 ശതമാനം ഓഹരിയും സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് 26 ശതമാനം ഓഹരിയുമായി ഓഹരി ഉടമസ്ഥതാ ഘടന മാറ്റമില്ലാതെ തുടരും. സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുമായുള്ള സഹകരണം തങ്ങളുടെ തെരഞ്ഞെടുക്കപ്പെട്ട പ്രധാന മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഇന്ത്യൻ വിപണിയുടെ സാധ്യതകൾ കണ്ടെത്താൻ സഹായിക്കുമെന്ന് ജനറാലി ഗ്രൂപ്പ് ഇൻഷുറൻസ് ഡെപ്യൂട്ടി സിഇഒ ജെയ്മി അൻഷുസ്റ്റെഗി പറഞ്ഞു. ട്രഷറർ: മുഹമ്മദ് ഹനീഫ ഹാജി

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# എഫ് 35 ബി ബ്രിട്ടീഷ് വിമാനത്തിന്റെ തകരാർ കണ്ടെത്തിയെന്നു സൂചന

വലിയതുറ: ബ്രിട്ടീഷ് വിദഗ്ധ സംഘം എത്തിയതിനു പിന്നാലെ എയർ എന്ത്യയുടെ ഹാംഗറിലേയ്ക്ക് മാറ്റിയ എഫ് 35 ബി ബ്രിട്ടീഷ് യുദ്ധവിമാനത്തിന്റെ തകരാർ പരിഹരിക്കുന്നതിനുള്ള ശ്രമം പുരോഗമിക്കുന്നു.

വിമാനത്തിന്റെ ഹൈഡ്രോളിക് സംവിധാനത്തിലുണ്ടായ തകരാർ ഏറെക്കുറെ കണ്ടുപിടിക്കാൻ കഴിഞ്ഞതായാണു വിവരം. ഞായറാഴ്ച ഉച്ചയോടുകൂടി ബ്രിട്ടനിൽനിന്നും എത്തിയ 14 അംഗ വിദഗ്ധ എൻജിനീയർമാരുടെ സംഘം വിമാനത്തിന്റെ തകരാർ പരിഹരിച്ച് ഉടൻ തന്നെ വിമാനത്തെ പറത്തികൊണ്ടു പോകാൻ കഴിയുമെന്നുള്ള വിശ്വാസത്തി ലാണ് പ്രവർത്തനം നടത്തിവരുന്നത്.

വിമാനത്തിന്റെ നിർമാതാക്കളായ അമേരിക്കൻ കമ്പനി ലോക്ക്ഹീഡ് മാർട്ടിന്റെയും ബ്രിട്ടീഷ് സേനയുടെയും എൻജിനീയർമാരാണ് വിദഗ്ധ സംഘത്തിൽ ഉൾപ്പെടുന്നത്.

നഗരത്തിലെ സ്വകാര്യ ഹോട്ടലുകളിലാണ് ഇവർ താമസിക്കുന്നത്. വിമാനത്തെ ഹാംഗറിലേയ്ക്കു മാറ്റിയെങ്കിലും സിഐഎസ്എഫിന്റെ നേ തൃത്വത്തിലുള്ള ശക്തമായ സുരക്ഷ തുടരുകയാണ്.

ജൂൺ 14നു രാത്രി 9.30 ഓടുകൂടിയാണ് ഇന്ധനം കുറവായതിനെത്തുടർന്ന് വിമാനം തിരുവനന്തപുരം വിമാനത്താവളത്തിൽ എമർജൻസി ലാൻഡിംഗ് നടത്തിയത്. ഇന്ത്യൻ നാവിക സേനയുമായി ചേർന്നു സംയുക്ത പരിശീലനം പൂർത്തിയാക്കിയ ബ്രിട്ടന്റെ എച്ച്എംഎസ് പ്രിൻസ് ഓഫ് വെയിൽസ് കാരിയർ സ്ട്രൈക്ക് ഗ്രൂപ്പിന്റെ ഭാഗമായിരുന്ന എഫ് 35 ബി യുദ്ധവിമാനം എമർജൻസി ലാൻഡിംഗ് നടത്തി അടുത്ത ദിവസം ഇന്ധനം നിറച്ച ശേഷമാണ് സാങ്കേതിക തകരാർ ഉള്ളതായി അധികൃതർ മനസിലാക്കിയത്.

എയർ ഇന്ത്യയുടെ ഹാംഗറിലേയ്ക്കു മാറ്റിയ എഫ് 35 ബി യുദ്ധ വിമാനത്തിന്റെ അറ്റകുറ്റപ്പണി അതീവ സുരക്ഷ സംവിധാനത്തിലാണ് നടക്കുന്നത്. ചാക്കയിലെ രണ്ടാം നമ്പർ ഹാംഗറിനുള്ളിൽ ശീതീകരണ സംവിധാനം സജ്ജമാക്കിയ ശേഷം എഫ് 35 ബിയുടെ അറ്റകുറ്റപ്പണി നടത്തുന്ന ഭാഗം മുഴുവൻ മറച്ചാണ് തകരാർ പരിഹരിക്കുന്നത്. ഹാംഗറിലേയ്ക്കു മാറ്റിയ വിമാനം ബ്രിട്ടീഷ് സംഘത്തിന്റെ പൂർണ നിയന്ത്രണത്തിലാണ്.

എഫ് 35 ബി യുദ്ധവിമാനം വിമാനത്താവളത്തിൽ നിർത്തിയിടുന്നതിന്റെ യൂസർ ഫീ അദാനി കമ്പനി ബ്രിട്ടീഷ് അധികൃതരിൽ നിന്നും ഈടാക്കുമെന്നാണ് ബന്ധപ്പെട്ട അധികൃതർ പറയുന്നത്. എഫ് 35 വിമാനത്തിന്റെ വലിപ്പത്തിന്റെ അടിസ്ഥാനത്തിൽ 10, 000 രൂപ മുതൽ 20, 000 രൂപ വരെയായിരിക്കും പ്രതിദിന വാടക ഈടാക്കുക.

കൂടാതെ വിമാനം ലാൻഡ് ചെയ്യാൻ രണ്ടു ലക്ഷം രൂപവരെയാണ് എയർ പോർട്ടിനു നൽകേണ്ടത്. എഫ് 35 ബി യുദ്ധ വിമാനത്തിനു പുറമെ കഴിഞ്ഞദിവസം വിദഗ്ധ സംഘവുമായി ബ്രിട്ടനിൽ നിന്നും എത്തിയ എയർ ബസ് എ 400 എം അറ്റ്ലസ് വിമാനത്തിനും ലാൻഡിംഗ് ചാർജ് ചാർജ് നൽകേണ്ടി വരും.

# സർക്കാർ ആശുപത്രികളുടെ നിലവാരം: വിശദാംശങ്ങൾ തേടി കോടതി

കൊച്ചി: സംസ്ഥാനത്തെ മെഡിക്കൽ കോളജുകളുടെയും സർക്കാർ ആശുപത്രികളുടെയും പ്രവർത്തന നിലവാരം ഉറപ്പുവരുത്താൻ നടത്തുന്ന പരിശോധനകൾ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാൻ ഹൈക്കോടതി സർക്കാരിനു നിർദേശം നൽകി.

ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെൻറ് നിയമപ്രകാരം നിശ്ചിത ഇടവേളകളിൽ കൃത്യമായ നിലവാര പരിശോധന നടക്കുന്നുണ്ടോയെന്ന് ആരാഞ്ഞ ശേഷമാണു ചീഫ് ജസ്റ്റീസ് നിധിൻ ജാംദാർ, ജസ്റ്റീസ് ബസന്ത് ബാലാജി എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ച് ഇക്കാര്യത്തിൽ സർക്കാരിന്റെ വിശദീകരണം തേടിയത്.

സംസ്ഥാനത്തെ മെഡിക്കൽ കോളജുകളടക്കമുള്ള ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനവും കാര്യക്ഷമമായ നടത്തിപ്പും ഉറപ്പാക്കാൻ നടപടി ആവശ്യപ്പെട്ട് ആലപ്പുഴ സ്വദേശി ജി. സാമുവൽ നൽകിയ പൊതുതാത്പര്യ ഹർജിയാണു കോടതി പരിഗണിച്ചത്. കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിക്കെട്ടിടം ഇടിഞ്ഞുവീണ് ഒരു സ്ത്രീ മരിച്ചതടക്കം ചൂണ്ടിക്കാട്ടിയാണു ഹർജി.

സർക്കാർ ആശുപത്രികളിൽ ഉപകരണങ്ങളും ശുചിത്വവും ഉറപ്പാക്കണമെന്ന ആവശ്യവും ഹർജിയിൽ ഉന്നയിച്ചിട്ടുണ്ട്. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെൻറ് നിയമത്തിൽ പരിശോധനകൾ സംബന്ധിച്ച് എന്താണു പരാമർശിച്ചിട്ടുള്ളതെന്ന് ഇന്നലെ ഹർജി പരിഗണിക്കവേ കോടതി ചോദിച്ചു.

# ദേശീയപാത 544 ൽ അങ്കമാലികുണ്ടന്നൂർ ബൈപ്പാസ്: സർവേ നടപടികൾ ഓഗസ്റ്റ് 15 നകം പൂർത്തിയാക്കും

കൊച്ചി: ദേശീയപാത 66 വികസനവുമായി ബന്ധപ്പെട്ട് മൂത്തകുന്നം മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗത്ത് മൂന്ന് അടിപ്പാതകൾ കൂടി നിർമിക്കാൻ മന്ത്രി പി. രാജീവിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേർന്ന യോഗത്തിൽ തീരുമാനമായി. കൂനമ്മാവ്, പട്ടണം കവല, തൈക്കാവ് എന്നിവിടങ്ങളിലാണു പുതിയ അടിപ്പാതകൾ വരുന്നത്. സ്കൂൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ വരുന്ന പ്രദേശങ്ങളിൽ ഫുട്ട് ഓവർ ബ്രിഡ്ജ് സ്ഥാപിക്കും. ദേശീയപാത നിർമാണവുമായി ബന്ധപ്പെട്ട് വെള്ളക്കെട്ട് അനുഭവപ്പെടുന്ന മേഖലകളിൽ അടിയന്തര പ്രാധാന്യത്തോടെ ക്രോസ് കൾവർട്ടുകൾ നിർമിക്കും. തോടുകളുടെ നീരൊഴുക്ക് തടസപ്പെടുത്തുന്ന വിധത്തിൽ വന്നിട്ടുള്ള നിർമാണവശിഷ്ടങ്ങൾ നീക്കം ചെയ്യാൻ യോഗത്തിൽ മന്ത്രി നിർദേശിച്ചു. മൂത്തകുന്നത്ത് 16 വീടുകളിലേക്ക് പ്രവേശനം തടസപ്പെടുന്ന സാഹചര്യമുണ്ടെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. ഈ പ്രശ്നം പരിഹരിക്കാൻ വേണ്ടിവന്നാൽ സ്ഥലം ഏറ്റെടുപ്പ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കണം. നിലവിലെ ദേശീയപാതയിൽ രൂപപ്പെട്ടിട്ടുള്ള കുഴികൾ വേഗത്തിൽ അടയ്ക്കണം. ആവശ്യമായ ഇടങ്ങളിൽ സർവീസ് റോഡുകളുടെ നീളം വർധിപ്പിക്കണമെന്നും മന്ത്രി പറഞ്ഞു. ദേശീയപാത 544 ൽ അങ്കമാലികുണ്ടന്നൂർ ബൈപ്പാസ് നിർമാണത്തിലെ സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട സർവേ നടപടികൾ ഓഗസ്റ്റ് 15 നുള്ളിൽ പൂർത്തിയാക്കാനും യോഗത്തിൽ ധാരണയായി. സർവേ നടപടികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനായി കൂടുതൽ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തും. നിലവിൽ 14 സർവേ ഉദ്യോഗസ്ഥരാണുള്ളത്. ഇവരുടെ എണ്ണം 40 ആയി ഉയർത്തും. അതിനുപുറമേ ആവശ്യമായ ഡ്രാഫ്റ്റ്മാൻമാരുടെ സേവനവും ഉറപ്പുവരുത്തും. സർവേ പുരോഗതി വിലയിരുത്തുന്നതിനായി എല്ലാ തിങ്കളാഴ്ചയും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ അവലോകന യോഗം ചേരാനും തീരുമാനിച്ചു. യോഗത്തിൽ എംപിമാരായ ബെന്നി ബഹനാൻ, ഹൈബി ഈഡൻ, എംഎൽഎമാരായ കെ. ബാബു, റോജി എം. ജോൺ, ടി. ജെ. വിനോദ്, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് മനോജ് മുത്തേടൻ, കളക്ടർ എൻ. എസ്. കെ. ഉമേഷ് തുടങ്ങിയവർ പങ്കെടുത്തു.

# മദ്യപിച്ചതിന് അറസ്റ്റിലായ യുവാവ് സ്റ്റേഷനിൽനിന്നു പോലീസുകാരന്റെ മൊബൈൽ മോഷ്ടിച്ചു കടന്നു

വിഴിഞ്ഞം: മദ്യപിച്ച് ബഹളമുണ്ടാക്കിയതിന് പിടികൂടിയ യുവാവ് വൈരാഗ്യം തീർക്കാൻ പോലീസുകാരന്റെ മൊബൈൽ ഫോൺ അടിച്ച് മാറ്റി മുങ്ങി. മണിക്കുറുകൾക്കു ശേഷം തമ്പാനൂരിൽനിന്നു പിടിയിലായി.

ബാലരാമപുരം പള്ളിവിളാകം സ്വദേശി സജു പി. ജോൺ (46) ആണ് മോഷണക്കുറ്റത്തിന് അറസ്റ്റിലായത്. കഴിഞ്ഞ ദിവസം ഉച്ചയോടെ മദ്യപിച്ചു ബഹളമുണ്ടാക്കിയ സജുവിനെ മുക്കോലയിൽനിന്നാണ് വിഴിഞ്ഞം പോലീസ് പിടികൂടിയത്. ജീപ്പിൽ സ്റ്റേഷനിൽ എത്തിച്ച ശേഷം ജാമ്യത്തിൽ വിടുകയും ചെയ്തു.

പുറത്തിറങ്ങുന്നതിനിടയിൽ സ്റ്റേഷൻ മുറ്റത്ത് ജീപ്പിന്റെ സീറ്റിൽ വച്ചിരുന്ന സിപിഒ ഷിജിന്റെ മൊബൈൽ ഫോൺ ഇയാളുടെ ശ്രദ്ധയിൽപ്പെട്ടു. ഫോൺ കൈക്കലാക്കിയ സജു ആരും കാണാതെ അവിടെനിന്നു മുങ്ങി. ഇയാളാണ് ഫോൺ മോഷ്ടിച്ചെന്ന കാര്യം പോലീസും അറിഞ്ഞില്ല. നഷ്ടമായ ഫോണിനായി പോലീസുകാർ എല്ലായിടവും മണിക്കൂറുകളോളം തെരഞ്ഞെങ്കിലും കണ്ടെത്താനായില്ല.

ഇതിനിടയിൽ സ്വിച്ച് ഓഫാക്കിയതും അന്വേഷണത്തിനു തടസമായി. ഇതിനിടയിൽ മോഷ്ടിച്ച മൊബൈലുമായി സജു വീട്ടിൽനിന്നു യാത്ര തിരിച്ചു. രാത്രിയിൽ തമ്പാനൂർ റയിൽവേ സ്റ്റേഷനിൽനിന്ന ഇയാളെ സംശയത്തിന്റെ പേരിൽ റെയിൽവേ പോലീസ് പിടികൂടി. ഒന്നിൽ കൂടുതൽ ഫോൺ കൈയിലുള്ളതായി കണ്ട പോലീസ് കാര്യങ്ങൾ തിരക്കിയെങ്കിലും പരസ്പര വിരുദ്ധമായി നൽകിയ മറുപടി സംശയത്തിനിടയാക്കി. കൂടുതൽ ചോദ്യം ചെയ്തതോടെ മോഷണ വിവരം വെളിവാക്കി. റെയിൽവേ പോലീസ് വിവരമറിയിച്ചപ്പോഴാണ് സജുവാണ് കള്ളനെന്ന കാര്യം വിഴിഞ്ഞം പോലീസ് അറിയുന്നത്. പ്രതിയെ മോഷണക്കുറ്റം ചുമത്തി കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

# കീം വിധി: അപ്പീൽ നല്കുന്നതിനെക്കുറിച്ച് ആലോചിക്കുമെന്ന് മന്ത്രി ആർ. ബിന്ദു

കൊച്ചി: കേരള എൻജിനിയറിംഗ്, ഫാർമസി (കീം) പ്രവേശന യോഗ്യതാ പരീക്ഷാ ഫലം റദ്ദാക്കിയ വിധിക്കെതിരേ ഹൈക്കോടതിയിൽ അപ്പീൽ നൽകുന്നതിനെക്കുറിച്ച് ആലോചിക്കുമെന്ന് ഉന്നതവിദ്യാഭ്യാസ മന്ത്രി ആർ. ബിന്ദു. വ്യാഴാഴ്ച ചേരുന്ന മന്ത്രിസഭാ യോഗത്തിൽ വിഷയം ചർച്ച ചെയ്ത് ഉചിതമായ തീരുമാനമെടുക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

വിദ്യാർത്ഥികളുടെ നന്മയെക്കരുതിയുള്ള തീരുമാനമാണ് സർക്കാർ ഈ വിഷയത്തിൽ എടുത്തിട്ടുള്ളത്. ഇക്കാര്യത്തിൽ സർക്കാരിന് മറ്റു നിക്ഷിപ്ത താത്പര്യങ്ങളില്ല. മാർക്ക് ഏകീകരണ രീതിയിൽ 28 മാർക്ക് വരെ കേരള സിലബസിൽ പഠിച്ച വിദ്യാർത്ഥികൾക്ക് നഷ്ടപ്പെട്ടിരുന്നു. അതൊഴിവാക്കാനാണ് പുതിയ രീതി കൊണ്ടുവന്നതെന്നും മന്ത്രി വ്യക്തമാക്കി.

റാങ്ക് ലിസ്റ്റ് പുനഃക്രമീകരിക്കണമെന്ന് നിർദേശിച്ചാണ് ഹൈക്കോടതി പരീക്ഷാ ഫലം റദ്ദാക്കി ഉത്തരവിട്ടത്. കേരള സിലബസ് വിദ്യാർഥികളുടെ മാർക്ക് ഏകീകരണത്തിൽ മാറ്റം വരുത്തിയ നടപടി കോടതി റദ്ദാക്കി. പരീക്ഷയുടെ പ്രോസ്പെക്ടസ് പുറത്തിറക്കിയ ശേഷം വെയിറ്റേജ് മാറ്റിയത് നിയമപരമല്ലെന്നും ജസ്റ്റീസ് ഡി. കെ. സിംഗ് ചൂണ്ടിക്കാട്ടി.

മുൻ സമവാക്യം അനുസരിച്ച് റാങ്ക് ലിസ്റ്റ് തയാറാക്കുമ്പോൾ കേരള സിലബസ് വിദ്യാർഥികൾക്ക് സിബിഎസ്!ഇ വിദ്യാർഥികളേക്കാൾ മാർക്ക് കുറയുന്നതായി പരാതി ഉയർന്ന സാഹചര്യത്തിലാണ് സർക്കാർ പുതിയ സമവാക്യം കൊണ്ടുവന്നത്.

എന്നാൽ മാർക്ക് ഏകീകരണത്തിനുള്ള പുതിയ സമവാക്യം മൂലം സിബിഎസ്ഇ വിദ്യാർഥികൾക്ക് മുൻപ് ഉണ്ടായിരുന്ന വെയിറ്റേജ് നഷ്ടമായെന്ന് ചൂണ്ടിക്കാട്ടി സിബിഎസ്!ഇ സിലബസിൽ പ്ലസ് ടു പാസായ വിദ്യാർഥിനി ഹന ഫാത്തിമ ഹർജിയുമായി ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു.

# ബാലികയെ വെട്ടി പരിക്കേല്പിച്ച കേസിൽ പ്രതിക്ക് ജീവപര്യന്തം വെട്ടേറ്റത് അമ്മയ്ക്കു നേരേയുള്ള ആക്രമണം തടയുന്നതിനിടെ

പത്തനംതിട്ട: 12 വയസുള്ള പെൺകുട്ടിയുടെ കൈപ്പത്തിക്ക് വെട്ടി ഗുരുതരമായി പരിക്കേല്പിച്ച കേസിൽ പ്രതിക്ക് ജീവപര്യന്തം കഠിന തടവും ലക്ഷം രൂപ പിഴയും. കൂടൽ അതിരുങ്കൽ അഞ്ചുമുക്ക് പറങ്കാം തോട്ടത്തിൽ ഗീവർഗീസ് തോമസി (അനിയൻകുഞ്ഞ്, 42) നെയാണ് പത്തനംതിട്ട അഡീഷണൽ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് കോടതി ഒന്ന് ജഡ്ജി ജി. പി. ജയകൃഷ്ണൻ കുറ്റക്കാരനെന്ന് കണ്ടെത്തി ശിക്ഷ വിധിച്ചത്. പട്ടികജാതി, വർഗവിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങൾ തടയൽ നിയമത്തിലെ വകുപ്പ് പ്രകാരമാണ് ജീവപര്യന്തം ശിക്ഷിച്ചത്. ഗുരുതരമായി പരിക്കുകൾ ഏല്പിച്ചതിനു അഞ്ച് വർഷം കഠിന തടവും 50, 000 രൂപയും, വീട്ടിൽ അതിക്രമിച്ചുകടന്നതിനു മൂന്നു വർഷം കഠിന തടവും 25,000 രൂപ പിഴയും ശിക്ഷിച്ചു. ശിക്ഷാകാലയളവ് ഒരുമിച്ചു അനുഭവിച്ചാൽ മതിയാകും. പിഴത്തുക കുട്ടിക്ക് നൽകാനും, ഒടുക്കിയില്ലെങ്കിൽ വസ്തുക്കളിൽ നിന്നും കണ്ടുകെട്ടി നൽകാനുള്ള നടപടി സ്വീകരിക്കാനും വിധിയിൽ പറയുന്നു. 2016 മാർച്ച് 18നാണ് കേസിനാസ്പദമായ സംഭവം. സ്ഥലത്ത് സ്ഥിരമായി മദ്യപിച്ച് ബഹളമുണ്ടാക്കുന്ന ഇയാളെ സംബന്ധിച്ചു കൂടൽ പോലീസിൽ വിളിച്ചറിയിക്കുമെന്ന് പറഞ്ഞ അയൽവാസി മേടക്കര വീട്ടിൽ പ്രിയ ദിലീപിനെയാണ് വെട്ടുകത്തിയുമായി ആക്രമിച്ചത്. ഈസമയം വീട്ടിൽ യുവതിക്കൊപ്പം ഉണ്ടായിരുന്ന 12 കാരിയായ മകൾ കൈകൾ കൊണ്ട് തടഞ്ഞു. കൈകൾക്ക് വെട്ടേറ്റു, ഇടതുകൈപ്പത്തിക്ക് താഴെ റിസ്റ്റിന്റെ ഭാഗത്ത് പ്രധാന ഞരമ്പ് മുറിഞ്ഞു മാറി. അതിന് താഴെയുള്ള അസ്ഥിക്ക് മുറിവും സംഭവിച്ചു. വലതു കൈവെള്ളഭാഗത്ത് ആഴത്തിൽ മുറിവേൽക്കുകയും ചെയ്തു. കൂടാതെ, പ്രിയയും കുടുംബവും വീട് വിറ്റ് പോകാത്തതിലുള്ള മുൻ വിരോധവും ആക്രമണകാരണമായി. ഗുരുതര പരിക്കുകളോടെ കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിൽസ തേടി. കൂടൽ അഡിഷണൽ എസ്ഐ ആയിരുന്ന വി. ടി. രാജു കേസ് അന്വേഷണം നടത്തി. കോടതിയിൽ കുറ്റപത്രം സമർപ്പിച്ചത് അന്നത്തെ അടൂർ ഡിവൈഎസ്പി റഫീഖ് ആയിരുന്നു. പ്രോസിക്യൂട്ടർമാരായ ടി ഹരികൃഷ്ണൻ, ഹരി ശങ്കർ പ്രസാദ് എന്നിവർ കോടതിയിൽ ഹാജരായായി.

# ദേശീയ പണിമുടക്ക് സംസ്ഥാനത്ത് പൂർണം; കെഎസ്ആർടിസി ബസുകൾ തടഞ്ഞു, വലഞ്ഞ് ജനം

തിരുവനന്തപുരം: സംയുക്ത തൊഴിലാളി യൂണിയനുകൾ നടത്തുന്ന ദേശീയ പണിമുടക്ക് എട്ടുമണിക്കൂർ പിന്നിട്ടപ്പോൾ സംസ്ഥാനത്ത് ജനജീവിതം സ്തംഭിച്ചു. സംസ്ഥാനത്തെ കെഎസ്ആർടിസി ബസുകളടക്കം സർവീസ് നിർത്തിവെച്ചതോടെ യാത്രക്കാർ വലഞ്ഞു. പ്രധാന നഗരങ്ങളിലും ബസ് സ്റ്റാൻഡുകളിലും യാത്രക്കാരുടെ കാത്തിരിപ്പ് മണിക്കൂറുകൾ നീണ്ടു. വിവിധ സ്ഥലങ്ങളിൽ നിന്ന് ട്രെയിനിൽ വന്നിറങ്ങിയ യാത്രക്കാരും പെരുവഴിയിലായി. തിരുവനന്തപുരത്ത് റെയിൽവേ സ്റ്റേഷനിൽ വരുന്ന യാത്രക്കാർക്കായി പോലീസ് വാഹനങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. കടകളും പൂർണമായും അടഞ്ഞുകിടക്കുകയാണ്. സ്വകാര്യ വാഹനങ്ങൾ ഓടുന്നുണ്ട്. അതേസമയം, ദേശീയ പണിമുടക്ക് സംസ്ഥാനത്ത് മിക്കയിടങ്ങളിലും ബന്ദിനു സമാനമായ കാഴ്ചയാണ്. പണിമുടക്ക് അനുകൂലികൾ സർവീസ് നടത്താൻ തയാറായ കെഎസ്ആർടിസി ബസുകൾ തടഞ്ഞു. തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ സമരാനുകൂലികൾ കെഎസ്ആർടിസി ബസുകൾ തടഞ്ഞു. കോഴിക്കോട് സർവീസ് നടത്താൻ ത!യാറായ ബസ് കണ്ടക്ടറെ സമരാനുകൂലികൾ മർദിച്ചതായും പരാതിയുണ്ട്.

ഇതോടെ, പോലീസ് സംരക്ഷണം അനുവദിക്കുമെങ്കിൽ സർവീസ് നടത്താമെന്ന നിലപാടിലാണ് ബിഎംഎസ് അനുകൂല ജീവനക്കാർ. കെഎസ്ആർടിസി ബസുകൾ സർവീസ് നടത്തുമെന്ന് ചൊവ്വാഴ്ച പ്രഖ്യാപിച്ച ഗതാഗതമന്ത്രി കെ. ബി. ഗണേഷ് കുമാറിന്റെ സ്വന്തം മണ്ഡലമായ പത്തനാപുരത്തു പോലും ബസുകൾ ഓടിയില്ല. അതേസമയം, ഇടുക്കി ജില്ലയിൽ കെഎസ്ആർടിസി ഭാഗികമായി സർവീസ് നടത്തുന്നുണ്ട്. ആലപ്പുഴയിൽ ജലഗതാഗത ബോട്ടുകളും പണിമുടക്കി.

കൊച്ചിയിലും തൃശൂരും സർവീസ് നടത്താനൊരുങ്ങിയ കെഎസ്ആർടിസി ബസുകൾ പണിമുടക്ക് അനുകൂലികൾ തടഞ്ഞു. പൊലീസ് സംരക്ഷണത്തോടെ മാത്രമേ സർവീസ് നടത്താവൂ എന്നാണ് ഡിപ്പോകൾക്ക് ലഭിച്ചിരിക്കുന്ന നിർദേശം. അതേസമയം, പശ്ചിമ ബംഗാളിലും പണിമുടക്ക് ശക്തമാണ്. ബിഹാറിലെ ജഹനാബാദിൽ ആർജെഡി പ്രവർത്തകർ റെയിൽവേ ട്രാക്ക് ഉപരോധിച്ചു. എന്നാൽ, മറ്റു സംസ്ഥാനങ്ങളെ പണിമുടക്ക് കാര്യമായി ബാധിച്ചിട്ടില്ല. ന്യൂഡൽഹി, മുംബൈ, ചെന്നൈ, ബംഗളൂരു തുടങ്ങിയ മെട്രോ നഗരങ്ങളിൽ ജനജീവിതം സാധാരണ നിലയിലാണ്. ഡൽഹിയിൽ വിവിധ തൊഴിലാളി സംഘടനകളുടെ നേതൃത്വത്തിൽ റാലിയും മറ്റും സംഘടിപ്പിക്കുന്നുണ്ട്. ജന്തർ മന്ദറിൽ സംയുക്ത സമരസമിതിയുടെ നേതൃത്വത്തിൽ പ്രതിഷേധമുണ്ട്.

## മത്സ്യതൊഴിലാളി വനിതകൾക്ക് സാഫ് ധനസഹായ പദ്ധതി

കൊല്ലം: സാഫ് മുഖേന നടപ്പാക്കുന്ന പദ്ധതികൾക്ക് ധനസഹായം ലഭിക്കുന്നതിന് മത്സ്യ ത്തൊഴിലാളി വനിതകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. രണ്ട് മുതൽ അഞ്ച് വരെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകൾ ഉൾപ്പെടുന്ന ഗ്രൂപ്പുകൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനും മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകൾക്ക് തങ്ങളുടെ കുടുംബാംഗങ്ങളുടെ സഹായത്തോടെ ഒറ്റയ്ക്ക് നടത്താവുന്ന 'ഒരു കുടുംബത്തിന് ഒരു സംരംഭം' തുടങ്ങുന്നതിനും ധനസഹായം നൽകുന്ന പദ്ധതികൾക്കാണ് അപേക്ഷിക്കാൻ കഴിയുക. 100000 രൂപ വരെ ഗ്രാൻറായി നൽകും. 75 ശതമാനം ഗ്രാൻറം, 20 ശതമാനം ബാങ്ക് ലോണും, അഞ്ച് ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. അപേക്ഷകർ മത്സ്യത്തൊഴിലാളി കുടുംബ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള 18 മുതൽ 45 വയസുവരെയുള്ള സ്ത്രീകളായിരിക്കണം. മത്സ്യഭവനുകൾ, സാഫ് നോഡൽ ഓഫീസ്, വെബ്സൈറ്റിലും അപേക്ഷകൾ ലഭിക്കും. അവസാന തീയതി 21.ഫോൺ: 9495681198,8547783211.

## എഴുകോൺ ആധുനിക മത്സ്യ മാർക്കറ്റ് നിർമാണം ഉടൻ ആരംഭിക്കും: മന്ത്രി കെ. എൻ. ബാലഗോപാൽ

കൊല്ലം: എഴുകോണിലെ അത്യാധുനിക മത്സ്യ മാർക്കറ്റിെ ൻറയും വ്യാപാര സമുച്ചയത്തിെ ൻറയും നിർമാണം ഉടൻ ആരംഭിക്കുമെന്ന് മന്ത്രി കെ. എൻ. ബാലഗോപാൽ. പ്രദേശം സന്ദർശിച്ച് സ്ഥിതിഗതികൾ മന്ത്രി വിലയിരുത്തി. വ്യാപാര സമുച്ചയത്തിെ ൻറയും മത്സ്യ മാർക്കറ്റിെൻറയും നിർമാണത്തിന് ബജറ്റിൽ മൂന്ന് കോടി രൂപയാണ് വകയിരുത്തിയത്. ടെൻഡർ നടപടിക്രമങ്ങൾ പൂർത്തിയാക്കി. നിലവിലുള്ളതിനേക്കാൾ കൂടുതൽ വാഹനങ്ങൾക്ക് പാർക്ക് ചെയ്യാനുള്ള സൗകര്യം പുതിയ കെട്ടിടത്തിൽ ഉണ്ടാവും.

മത്സ്യ മാർക്കറ്റിൽ മാലിന്യം സംസ്കരിക്കുന്നതിനായി പ്ലാൻറ ും ദുർഗന്ധം ഉണ്ടാവാതിരിക്കാൻ സംവിധാനങ്ങളുമൊരുക്കും. വ്യാപാര സമുച്ചയത്തിൽ സർക്കാർ ഓഫീസുകളും കടകളും പ്രവർത്തിക്കുന്നതിനുള്ള സൗകര്യം സജ്ജമാക്കും. ഭാവിയിൽ ആവശ്യാനുസരണം മുകളിലേക്ക് വികസിപ്പിക്കാൻ കഴിയുന്ന രീതിയിലാണ് കെട്ടിടം പണിയുക.

തീരദേശ വികസന കോർപറേഷനാണ് നിർമാണ ഏജൻസി. സമയബന്ധിതമായി നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുമെന്നും മന്ത്രി പറഞ്ഞു. എഴുകോൺ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് അഡ്വ. ബിജു എബ്രഹാം, വൈസ് പ്രസിഡൻറ് സുബർഹാൻ, മറ്റ് ജനപ്രതിനിധികൾ തുടങ്ങിയവർ സന്ദർശനത്തിൽ പങ്കെടുത്തു.

# മത്സ്യമാലിന്യം കയറ്റി വന്ന ലോറി ചാത്തന്നൂരിൽ കുടുങ്ങി

ചാത്തന്നൂർ: മത്സ്യമാലിന്യവുമായി വന്ന വാഹനം അപകടത്തിൽ പെട്ട് ദേശീയ പാതയോരം ദുർഗന്ധത്തിലായി. അസഹ്യമായ ദുർഗന്ധം പരന്നതോടെ വഴിയാത്രക്കാരിൽ പലർക്കും ഛർദ്ദിയും അസ്വസ്ഥതകളും ഉണ്ടായി. വാഹനത്തിന്റെ മലിനജല ടാങ്ക് പൊട്ടിയതോടെയാണ് പാതയോരം ആകെ ദുർഗന്ധ പൂരിതമായത്. തിങ്കളാഴ്ച വൈകുന്നേരം ആണ് സംഭവം. അമ്പലപ്പുഴയിൽ നിന്നും മത്സ്യമാലിന്യവുമായി തമിഴ്നാട്ടിലെ കൂനം കുളത്തേക്ക് പോവുകയായിരുന്ന മൂടിയുള്ള വാഹനത്തിന്റെ മലിനജല സംഭരണി പൊട്ടി മലിനജലം റോഡിൽ ഒഴുകുകയായിരുന്നു. വാഹനത്തെ പിന്തുടർന്ന് ചാത്തന്നൂർ പെട്രോൾ പമ്പിന് സമീപം വച്ച് നാട്ടുകാർ തടഞ്ഞു. തുടർന്ന് ദേശീയ പാതയിൽ ആളൊഴിഞ്ഞ ഭാഗത്ത് ഒതുക്കിയ വാഹനത്തിന്റെ ടാങ്ക് അഴിച്ചു മാറ്റി മുകളിലേയ്ക്ക് ഉയർത്തി കെട്ടിയ ശേഷം രാത്രി ഒന്പതോടെ യാത്ര തുടർന്നു. തുടർന്ന് ഗ്രാമപഞ്ചായത്ത് അധികൃതർ എത്തി വാഹനം കിടന്ന ഭാഗത്ത് അണുനാശിനി ഒഴിച്ച് ശുചിയാക്കി.

## കേരള ബാങ്കിന്റെ ജപ്തി ഭീഷണി; ഗൃഹനാഥൻ ജീവനൊടുക്കി

കൊച്ചി: എറണാകുളം കുറുമശേരിയിൽ ജപ്തി ഭീഷണിയെ തുടർന്ന് ഗൃഹനാഥൻ ജീവനൊടുക്കി. കുറുമശേരി സ്വദേശി മധു മോഹനൻ (46) ആണ് ജീവനൊടുക്കിയത്. കേരള ബാങ്ക് ആണ് ജപ്തി നോട്ടീസ് നൽകിയത്. ചൊവ്വാഴ്ച കേരള ബാങ്ക് ജീവനക്കാർ മധുവിന്റെ വീട്ടിലെത്തി ജപ്തി നോട്ടീസ് പതിക്കുകയായിരുന്നു. 37 ലക്ഷം രൂപയുടെ ലോൺ കുടിശിക ഉണ്ടായിരുന്നതായി കുടുംബം പറയുന്നു. ജപ്തി ഭീഷണിയെ തുടർന്നാണ് മധു ജീവനൊടുക്കിയതെന്ന് കുടുംബം പറഞ്ഞു. ഡ്രൈവിംഗ് ജോലി ചെയ്യുന്ന മധു മോഹനന് ഭാര്യയും രണ്ട് പെൺകുട്ടികളുമുണ്ട്. പോലീസ് സ്ഥലത്തെത്തി ഇൻക്വസ്റ്റ് നടപടികൾ പൂർത്തിയാക്കി വരികയാണ്.